# ആത്മപ്രകാശിനി

## 2009 മെയ്

ആത്മപ്രകാശിനി പി. ഡി. എഫ്. ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ്. ആത്മപ്രകാശിനി പി. ഡി. എഫ്. ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# Athmaprakashini

# അകത്താളുകളിൽ


**വിശ്വാസിയും ധനവിനിമയവും**
ഡോ. കെ.സി. ജോൺസൺ .......... 3

**എഫെസൊസിലെ മൂപ്പന്മാരോടുള്ള . .**
കെ.വി. ജോൺ .................................. 4

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട് ........................ 6

**സമ്പൂർണ്ണ സമർപ്പണം**
പി.വി.മത്തായി...................................... 8

**കർത്താവായ യേശുക്രിസ്തു**
എ.വി. ജോർജ്ജ് ................................ 10

**കണ്ണുനീരോടെ വിതയ്ക്കുന്നവർ . . .**
ജോർജ്ജ് സി. വർഗ്ഗീസ് .................. 11

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. ശാമുവേൽ ................ 14

**ജന്മദിനം ആഘോഷിക്കാമോ?**
പി.എസ്. ഗോഡ്ലി .......................... 16

**യിസ്ഹാക്കിന്റെ ജീവിതത്തിൽ . . .**
കെ. കമലം ........................................... 18

**ബൈബിൾ പ്രശ്നാവലി ............. 19**

**വാർത്തകളും, കുറിപ്പുകളും 21**


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVIII** **No.5**

## 2009 മെയ്

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
athmaprakashini@gmail.com
+919447265500

# വിശ്വാസിയും ധനവിനിമയവും

ഡോ. കെ.സി. ജോൺസൺ, മാവേലിക്കര

**ഈ** ആധുനിക കാലഘട്ടത്തിൽ സുഖഭോഗങ്ങൾക്കായി ഏറ്റവും അധികം പണം ചെലവഴിക്കുന്നത് വേർപെട്ട ദൈവജനമാണ്. അതിന് പ്രധാനമായ ഒരു കാരണം ഇന്ന് അവർ ഭൗതികമായി വളരെ അനുഗ്രഹം അനുഭവിക്കുന്നു എന്നുള്ളതാണ്. ഒരു കാലത്ത് വിശ്വാസം നിമിത്തം സകലവും വെടിഞ്ഞ് വളരെ കഷ്ടമനുഭവിച്ചവരുടെ പിൻതലമുറയെ ദൈവം വളരെ അനുഗ്രഹിച്ചു. ശാരീരികവും വിനോദപരവും താല്ക്കാലികവുമായ ആവശ്യങ്ങൾക്കു പണം ചെലവഴിക്കുന്ന കാര്യത്തിൽ ഇന്ന് ഒരു നിയന്ത്രണവുമില്ലാത്ത അവസ്ഥയിലാണ് കാര്യങ്ങളുടെ പോക്ക്. കൂട്ടുകാരും വീട്ടുകാരും ഒന്നിച്ചു വിനോദയാത്ര പോകുമ്പോൾ ഭക്ഷണകാര്യത്തിലും മറ്റും എല്ലാവരുടെയും പണം കൊടുക്കാൻ എത്ര തിടുക്കമാണ്. മറ്റുള്ളവരുടെ മുമ്പാകെ സ്ഥാനവും മാനവും ലഭിക്കുമെങ്കിൽ എത്ര പണം ചെലവഴിക്കുന്നതിനും യാതൊരു മടിയുമില്ലാത്തവർ അനവധിയാണ്. അതേസമയം ഒരു സുവിശേഷകനോ പ്രയാസം അനുഭവിക്കുന്ന ഒരു വ്യക്തിക്കോ സാമ്പത്തിക കൂട്ടായ്മ നൽകാൻ ഇന്ന് പലർക്കും ഒരു താല്പര്യവുമില്ല. സഹായം ആവശ്യമുള്ളവർ തുറന്നു ചോദിച്ചാൽപോലും സഹായം ചെയ്യാനുള്ള മനസ്സ് ഈ നാളുകളിൽ കുറഞ്ഞു വരികയാണ്. കൂടാതെ, ആത്മിക വിഷയങ്ങളിൽ പണം ചെലവഴിക്കുന്നതിൽ മിക്കപേർക്കും ഉത്സാഹക്കുറവുമാണ്. ബൈബിളോ, ബന്ധപ്പെട്ട ഗ്രന്ഥങ്ങളോ വാങ്ങാനാണെങ്കിൽ പകുതിവിലയ്ക്കോ, പറ്റുമെങ്കിൽ വെറുതെയോ ലഭിക്കണം. വലിയ വില കൊടുത്ത് ഇംഗ്ളീഷിൽ പ്രദ്ധീകരിക്കുന്ന മാസികകൾ വാങ്ങാൻ ഒരു മടിയുമില്ല. എന്നാൽ, അമ്പതും നൂറും രൂപ മാത്രം വാർഷിക വരിസംഖ്യയുള്ള ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ ഭവനത്തിൽ വരുത്തുവാൻ വലിയ മടിയുമാണ്. അഥവാ വരുത്തിയാൽ തന്നെ വരിസംഖ്യ ക്രമമായി അടയ്ക്കുകയുമില്ല. ഭക്ഷണകാര്യത്തിലാണെങ്കിൽ ഒരു വിലപേശലുമില്ലെന്ന് മാത്രമല്ല നല്ല തുക കൈമടക്കുകൂടെ കൊടുത്തുകളയും.

ആദിമസഭയിലെ വിശ്വാസികൾ തങ്ങളുടെ വസ്തുവകകളെ എങ്ങനെ കൈകാര്യം ചെയ്തു എന്നു പുതിയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പൊ. 2:45). സുവിശേഷ വേലയിൽ ഏർപ്പെട്ടിരുന്നവർ തങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരണങ്ങൾ വഴിയോ കത്തുകൾ മൂലമോ അഭ്യർത്ഥന നടത്തേണ്ട ആവശ്യം അന്ന് ഉണ്ടായിരുന്നില്ല. സാമ്പത്തിക വിഷയങ്ങളെക്കുറിച്ച് കൂടുതലായൊന്നും അപ്പൊസ്തല പ്രവൃത്തികളിൽ പരാമർശിക്കുന്നില്ല. എങ്കിലും ആരെങ്കിലും വൈഷമ്യത്തിലായതായും കാണുന്നില്ല. അപ്പൊസ്തലനായ പൗലൊസ് തനിക്കും കൂടെയുള്ളവർക്കും വേണ്ടി സ്വന്തകൈകൊണ്ടു അദ്ധ്വാനിച്ചിരുന്നതായി വായിക്കുന്നു (അപ്പൊ. 18:3). വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യമെന്നു കർത്താവ് പറഞ്ഞ വാക്കുകളുടെ വെളിച്ചത്തിലായിരുന്നു പൗലൊസ് പ്രവർത്തിച്ചിരുന്നത് (അപ്പൊ. 20:35). അതേ പൗലൊസിന് ഫിലിപ്പ്യയിലെ സഭയിൽനിന്നും നിരന്തരമായി സാമ്പത്തിക കൂട്ടായ്മ നൽകിയിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (ഫിലി. 4:14-18; 2 കൊരി. 11:9). അപ്പൊസ്തല പ്രവൃത്തികൾ 28-ാം അദ്ധ്യായത്തിൽ മെലീത്താ ദ്വീപിലെ ബർബ്ബരന്മാർ ആരും ആവശ്യപ്പെടാതെ ദൈവദാസന്മാരുടെയും മറ്റും ആവശ്യങ്ങൾക്കു ധാരാളമായി കൊടുക്കുന്നതായി വായിക്കുന്നു (അപ്പൊ. 28:1,2).

ദൈവം നമുക്ക് നൽകിയിരിക്കുന്ന ധനത്തിന്റെ കണക്ക് നാം നൽകേണ്ടവരാണെന്നുള്ള ബോധ്യത്തിൽ ജീവിക്കുന്നതിന് ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. തിരുവചന വെളിച്ചത്തിൽ ദൈവം ഓരോരുത്തനെ പ്രാപ്തിപ്പെടുത്തുന്നതനുസരിച്ച് ധനം നിത്യതയോട് ബന്ധപ്പെട്ട കാര്യങ്ങൾക്കു കൂടുതലായി ചെലവഴിക്കുന്നത് അത്യന്താപേക്ഷിതം തന്നെ (2 കൊരി. 9:7-9). ●

# എഫെസൊസിലെ മൂപ്പന്മാരോടുള്ള പൗലൊസിന്റെ യാത്രാമൊഴി

കെ.വി. ജോൺ, പത്തനാപുരം

വായനാഭാഗം പ്രവൃ. 20:13-38

20:13-15 പൗലൊസും കൂടെയുള്ളവരും ത്രൊവാസിൽനിന്നു മിലേത്തൊസിലേക്കു പോകാൻ സ്വീകരിച്ച മാർഗ്ഗം ഈ ഭാഗത്തു കാണുന്നു. ത്രോവാസിൽ നിന്ന് 25 മൈൽ അകലെയാണ് അസ്സോസ്സ്. അവിടെ നിന്നു 30 മൈൽ അകലെയാണ് മിതുലേന. 'പിറ്റേന്നാൾ ഖിയൊസ് ദ്വീപിന്റെ തൂക്കിലെത്തി'. ഒരു ഇടുങ്ങിയ ചാനൽ മൂലം ഏഷ്യൻ വൻകരയിൽ നിന്നു വേർപെടുത്തപ്പെട്ട 32 മൈൽ നീളവും 8 - 18 വരെ മൈൽ വീതിയുമുള്ള ഒരു ചെറിയ ദ്വീപാണ് ഖിയൊസ്. ഇതാണ് മഹാകവി ഹോമറിന്റെ ജന്മസ്ഥലം.

**സാമൊസ് ദ്വീപ്.** ഒരു കടലിടുക്കിനാൽ വൻകരയിൽ നിന്നു വേർപെടുത്തപ്പെട്ട ഒരു ചെറിയ ദ്വീപ്. ഈ ദ്വീപിലാണ് ഗണിത ശാസ്ത്രജ്ഞനായ പൈതഗോറസ് (ബി.സി. 580-500) ജനിച്ചത്. ''പിറ്റേന്ന് മിലേത്തൊസിൽ എത്തി''. മിലേത്തൊസ് പൗലൊസിന്റെ കാലത്ത് എഫെസൊസിന്റെ തുറമുഖമായിരുന്നു. പിൽക്കാലത്ത് മെനാൻഡർ നദിയുടെ എക്കൽ കയറി അടഞ്ഞതിനാൽ തുറമുഖമല്ലാതായിത്തീരുകയും ഇതിന്റെ പ്രാധാന്യം നശിക്കുകയും ചെയ്തു.

20:16. പെന്തക്കൊസ്തു ദിനമാകുമ്പോഴേക്കും യരുശലേമിൽ എത്തണമെന്ന് പൗലൊസ് ആഗ്രഹിച്ചു. അതുകൊണ്ട് എഫെസൊസിൽ താൻ ഇറങ്ങിയില്ല. എന്നിരുന്നാലും അവരുടെ കപ്പൽ മിലെത്തൊസിൽ അല്പ ദിവസം തങ്ങി.

20:17 അങ്ങനെ എഫെസൊസ് സഭയിലെ മൂപ്പന്മാർ മിലെത്തൊസിൽ വന്നു തന്നെ കാണുന്നതിന് ഏർപ്പാടു ചെയ്തു. ഈ രണ്ടു സ്ഥലങ്ങൾ തമ്മിൽ 30 മൈൽ അകലമുണ്ട്.

20:18-21 പ്രവൃത്തികളുടെ പുസ്തകത്തിലെ മറ്റേതു ഭാഗത്തേക്കാളും ഹൃദയസ്പർശിയാണ് ഈ ഭാഗം. ഈ വിടവാങ്ങൽ പ്രസംഗം മഹാനായ പൗലൊസിന്റെ ഹൃദയം, മനസ്സലിവ്, സഹാനുഭൂതി, സ്നേഹം, കണ്ണുനീർ ഇവ വെളിപ്പെടുത്തുന്നു. ക്രിസ്തീയ മിഷണറിമാരോടു നേരിട്ടുള്ളതും അവർ പ്രായോഗികമാക്കേണ്ടതുമായ ഉപദേശങ്ങൾ ഇതുപോലെ മറ്റെങ്ങും വെളിപ്പെടുത്തിയിട്ടില്ല. ഈ വാക്കുകൾ ക്രിസ്താനുഗാമിക്ക് ജീവിത പെരുമാറ്റത്തിനും കർത്തവ്യ നിർവ്വഹണത്തിനും ഒരു വഴികാട്ടിയും പ്രചോദനവുമായിരുന്നു. ഇതിൽ താൻ ഭൂതകാലത്തേക്കും വാ. 19-21 വർത്തമാന കാലത്തേക്കും വാ. 22-24 താൻ ഭാവികാലത്തേക്കും നോക്കുന്നു വാ. 25-30

20:19 എഫെസൊസിൽ ആയിരുന്നപ്പോൾ പൗലൊസ് എങ്ങനെ കർത്താവിനെ സേവിച്ചു എന്ന് ഈ ഭാഗത്തു കാണാം. യഹൂദന്മാരാലുള്ള കഷ്ടങ്ങൾ മൂലം വളരെ താഴ്മയോടും (മത്തായി 11:29; ഫിലി. 2:3), കണ്ണുനീരോടും കൂടെ (2 കൊരി. 2:4) കർത്താവിനെ സേവിച്ചു. 'സേവിക്കുക'. കർത്താവിനു ദാസ്യവേല ചെയ്യുക എന്നർത്ഥം. പൗലൊസിനു പ്രിയങ്കരമായ ഒരു പ്രയോഗം (റോമർ 12:11; 14:18;16:18; എഫെ. 6:7; കൊലൊ. 3:24). പൗലൊസ് പോയ എല്ലാ സ്ഥലങ്ങളിലും അവിശ്വാസികളായ യഹൂദന്മാർ പൗലൊസിനെയും അവന്റെ വേലയെയും നശിപ്പിക്കുന്നതിനു ശ്രമിച്ചു. അവൻ അവർക്കുവേണ്ടി വളരെ കരഞ്ഞു.

**കരയുന്ന പൗലൊസ്**

1. മാനസാന്തരപ്പെടാത്ത ലോകത്തിനുവേണ്ടി (പ്രവൃ. 20:19-21). 2. അസ്ഥിരരായ കൊരിന്ത്യർക്കുവേണ്ടി (2 കൊരി. 2:4). 3. വിശുദ്ധീകരണമില്ലാത്ത ശുശ്രൂഷകർക്കുവേണ്ടി (ഫിലി. 3:18)

20:20 പൗലൊസ് തന്റെ പ്രസംഗത്തിൽ മനുഷ്യരെ പ്രസാദിപ്പിക്കാൻ ശ്രമിച്ചില്ല. പ്രയോജനമുള്ളത് ഒന്നും താൻ മറച്ചു വച്ചില്ല. മനുഷ്യരെ പ്രസാദിപ്പിച്ചിരുന്നെങ്കിൽ ദൈവത്തിന്റെ ദാസനാകുകയില്ലായിരുന്നു എന്നു താൻ മനസ്സിലാക്കിയിരുന്നു (ഗലാ. 1:10) മാത്രമല്ല, വീടുതോറും കയറിയിറങ്ങി പഠിപ്പിച്ചു. (House Visiting).

20:21 ഗ്രേക്കരോട് മാനസാന്തരപ്പെടണമെന്നും യഹൂദന്മാരോടു യേശുക്രിസ്തുവിൽ വിശ്വസിക്കണമെന്നും സാക്ഷീകരിച്ചു. 'മാനസാന്തരവും വിശ്വാസവും' സുവിശേഷം ആവശ്യപ്പെടുന്ന 2 കാര്യങ്ങളാണ്. നാം പാപം ഉപേക്ഷിക്കണം. നമ്മുടെ നീതിയായ ക്രിസ്തുവിനെ വിശ്വാസത്താൽ മുറുകെ പിടിക്കണം.

20:22-24 കഷ്ടങ്ങൾ സഹിക്കാൻ താൻ തയ്യാറായിരുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും തന്നെ കാത്തിരിക്കുന്നുവെന്ന് പരിശുദ്ധാത്മാവ് സാക്ഷ്യം നൽകിയിട്ടും താൻ യെരുശലേമിലേക്ക് പോകുവാൻ ബദ്ധപ്പെട്ടു.

പരിശുദ്ധാത്മാവ് മുന്നറിയിപ്പു നൽകിയിട്ടും പൗലൊസ് യെരുശലേമിൽ പോയതു ശരിയോ? അവൻ പോയിരിക്കയില്ല എന്നു ചിലർ ചിന്തിക്കു

ന്നു. ഈ മുന്നറിയിപ്പുകളിലൂടെ പരിശുദ്ധാത്മാവ് തന്നെ ഒരുക്കുകയായിരുന്നെന്നും പോകാതിരുന്നെങ്കിൽ താൻ അനുസരണം കെട്ടവനായിത്തീരുമായിരുന്നെന്നും മറ്റു ചിലർ ചിന്തിക്കുന്നു.

20:24 മുമ്പിലുള്ള ഏതു പീഡയെയും അഭിമുഖീകരിക്കുവാൻ താൻ സന്നദ്ധനായിരുന്നു. തന്റെ ജനമായ യഹൂദന്മാരോടു സുവിശേഷം അറിയിക്കുവാൻ താൻ ഒരുക്കമായിരുന്നു (റോമർ 1:15; 9:1–3). തന്റെ ഓട്ടം തികയ്ക്കണമെന്നും കർത്താവു നൽകിയ ശുശ്രൂഷ തികയ്ക്കണമെന്നും താൻ ആഗ്രഹിച്ചു. തന്റെ പ്രാണനെ വിലയേറിയതായി എണ്ണിയില്ല (21:13; 2 കൊരി. 4:11; ഫിലി. 1:20; 2:17).

20:25–31 പൗലൊസ് ഭാവികാലത്തേയ്ക്കു നോക്കുന്നു. എഫെസ്യ മൂപ്പന്മാർക്കു നൽകുന്ന മുന്നറിയിപ്പ്.

25–27 എഫെസ്യരെ ഇനി കാണാമെന്നുള്ള പ്രത്യാശ തനിക്കില്ല. അവരുടെ രക്തത്തിനു താൻ കുറ്റക്കാരനല്ല എന്നു താൻ സാക്ഷീകരിച്ചു. കാരണം മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചു വയ്ക്കാതെ (വാ. 20) അവൻ അവരോട് അറിയിച്ചിരുന്നു. ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്തുവെന്നു വായിക്കുന്നതുപോലെ (13:36) പൗലൊസിനും പറയുവാൻ കഴിഞ്ഞു.

20:28 തങ്ങളെത്തന്നെയും കർത്താവ് സ്വന്ത രക്തത്താൽ വിലയ്ക്കു വാങ്ങിയതും തങ്ങളെ അദ്ധ്യക്ഷരാക്കി വെച്ചതുമായ ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവാൻ മൂപ്പന്മാരെ ഗുണദോഷിച്ചു. ഇതുപോലെയൊരു ഉപദേശം പിന്നീടു താൻ തിമൊഥെയൊസിനു നൽകുന്നുണ്ട് (1 തിമൊ. 4:16). നാം മറ്റുള്ളവർക്ക് അനുഗ്രഹവും സഹായവുമാകണമെങ്കിൽ നാം കർത്താവിനോടു ചേർന്നു നിൽക്കണം.

എഫെസ്യ സഭ തന്റെ പുത്രന്റെ രക്തത്താൽ വിലയ്ക്കുവാങ്ങിയതാകകൊണ്ട് ദൈവത്തിനു വിലയേറിയതാണ്. അതുകൊണ്ട് മൂപ്പന്മാർ വിശ്വാസികളുടെ നല്ല ഇടയന്മാരായിരിക്കണമെന്ന് വീണ്ടും ഓർപ്പിക്കുന്നു.

മൂപ്പന്മാർ (Elders) ഇടയന്മാരും (Pastors) അദ്ധ്യക്ഷന്മാരും (Bishops) കൂടെയാണ്. മേലന്വേഷകർ (Oversears) എന്നും വാ. 28 ൽ അവരെ സംബോധന ചെയ്യുന്നു. ഇതെല്ലാം ഒരേ ഔദ്യോഗിക സ്ഥാനങ്ങളാണ്.

20:29–30 എന്തുകൊണ്ടാണ് പൗലൊസ് എഫെസ്യ സഭയെക്കുറിച്ച് ഇത്ര ജാഗ്രത പുലർത്തിയത്? ദുരുപദേശങ്ങളുമായി ദുരുപദേഷ്ടാക്കന്മാർ അവിടെ വരുമെന്ന് താൻ അറിഞ്ഞിരുന്നു. അവരുടെ ഇടയിൽ നിന്നും തന്നെ ദുരുപദേഷ്ടാക്കാൾ എഴുന്നേറ്റു വിശ്വാസികളെ അവരിലേക്ക് ആകർഷിക്കുമെന്നും മുന്നറിയിപ്പ് നൽകുന്നു. 'ചെന്നായ്' ദുരുപദേഷ്ടാക്ക്ന്മാരാണ് (മത്തായി. 7:115; യോഹ. 10:12).

20:31 അതുകൊണ്ട് മൂപ്പന്മാർ ജാഗരൂകരായിരിക്കണം. ഓരോരുത്തനും (Personal Evangelism) കണ്ണുനീരോടെ 3 സംവത്സരം താൻ നൽകിയ ഉപദേശം ഓർമ്മിച്ചു കൊള്ളണം. വാസ്തവത്തിൽ താൻ രണ്ടേകാൽ വർഷമേ അവിടെ പ്രവർത്തിച്ചുള്ളൂ. (19:8–10). ഒരു മൊത്തത്തുക പറയുകയാണിവിടെ.

അഞ്ചോ ആറോ വർഷത്തിനുശേഷം ഈ ദുരുപദേഷ്ടാക്കന്മാർ എഫെസൊസിൽ കടന്നുവന്നു (1 തിമൊ. 1:3,7,19,20). ദുരുപദേശങ്ങളിൽ നിന്നും വിരമിക്കുവാൻ ഉപദേശിക്കുവാനും സദുപദേശങ്ങൾ നൽകുവാനും പൗലൊസ് തിമൊഥെയൊസിനെ എഫെസൊസിൽ വിട്ടേച്ചു പോയതായി തിമൊഥെയൊസിനുള്ള ഒന്നാം ലേഖനത്തിൽ നാം വായിക്കുന്നു (1 തിമൊ. 1:3,4)

**ചിലരുടെ കണ്ണുനീർ**

| | |
|---|---|
| 1. വിശ്വാസത്തിന്റെ കണ്ണുനീർ | മർക്കൊസ് 9:24 |
| 2. താഴ്മയുടെ കണ്ണുനീർ | ലൂക്കൊസ് 7:38 |
| 3. സേവനത്തിന്റെ കണ്ണുനീർ | പ്രവൃ. 20:19 |
| 4. ഗുണദോഷത്തിന്റെ കണ്ണുനീർ | പ്രവൃ. 20:31 |
| 5. താല്പര്യത്തിന്റെ കണ്ണുനീർ | 2 കൊരി 2:4 |
| 6. സഹാനുഭൂതിയുടെ കണ്ണുനീർ | 2 തിമൊ.1:4 |
| 7. അഭയയാചനയുടെ കണ്ണുനീർ | എബ്രാ. 5:7 |
| 8. നിരാശയുടെ കണ്ണുനീർ | എബ്രാ. 12:17 |

20:32–38 അന്ത്യവാക്കുകൾ

20:32 തനിക്ക് എപ്പോഴും എഫെസ്യരോടു കൂടെയിരിക്കാൻ കഴിയുമായിരുന്നില്ലായെങ്കിലും അവർക്ക് ആത്മീക വർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും കഴിവുള്ള ദൈവത്തിനും അവന്റെ കൃപയുടെ വചനത്തിനും അവരെ ഭരമേല്പിക്കാൻ കഴിഞ്ഞു. കർത്താവിന്റെ വചനം എന്നേക്കും ഇരിക്കും (യെശ. 40:8). അത് ഒരിക്കലും ഒഴിഞ്ഞുപോകയില്ല. (മത്തായി. 24:35). ആ വചനത്താലാണ് നാം വീണ്ടും ജനിച്ചിരിക്കുന്നത് (1 പത്രൊസ് 1:23). ആ വചനം നമ്മെ പണിതുയർത്തും.

20:33,34 താൻ വ്യക്തിപരമായ ആദായത്തിനു വേണ്ടിയല്ല അവരുടെ ഇടയിൽ പ്രസംഗിച്ചതെന്നു

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

## ആരാധനയിൽ സ്തുതി സ്തോത്രങ്ങൾക്കുള്ള പങ്ക്

എസ്. ജി. ഗിൽബർട്ട്, ആറാമട

ആരാധനയിൽ സ്തുതിയും സ്തോത്രവും നന്ദി പറച്ചിലും എല്ലാം ഉണ്ടായിരിക്കും. എന്നാൽ ഇവയിൽ ഓരോന്നുമാത്രം പ്രത്യേകം ചെയ്യുന്നതു കൊണ്ട് ആരാധന പൂർണ്ണമാകുന്നില്ല. ആരാധനയിൽ പ്രാർത്ഥിക്കുന്നവരും ധാരാളമുണ്ട്. പ്രാർത്ഥനയും ആരാധനയല്ല.

**1. പ്രാർത്ഥന**

പ്രാർത്ഥന ആരാധനയല്ല. പ്രാർത്ഥിക്കുന്നതു നല്ലതാണ്. വളരെ ആവശ്യമാണ്. അതു ദൈവത്തിന്റെ കല്പനയാണ് (1 തെസ്സ. 5:17). മനുഷ്യർ ദൈവത്തോട് സംസാരിക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥനയിലൂടെ ദൈവസന്നിധിയിൽ വിഷയങ്ങൾ സമർപ്പിക്കുന്നതാണ് അപേക്ഷ. ദൈവത്തോട് ആവശ്യങ്ങൾ സ്തോത്രത്തോടെ കർത്താവേ അങ്ങനെ ചെയ്യേണമേ എന്ന് ഉണർത്തിക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ അപേക്ഷിക്കുന്നവരുണ്ട്. ആരാധനയിൽ പ്രാർത്ഥനയും അപേക്ഷകളും വരാൻ പാടില്ല. സഭായോഗം ആരംഭിക്കുമ്പോഴും ആദ്യത്തെ ഭാഗം അവസാനിക്കുമ്പോഴും പ്രാർത്ഥിക്കാം. ആരാധനയുടെ ഇടയ്ക്കുള്ള ഭാഗങ്ങളിൽ പ്രാർത്ഥനയും അപേക്ഷകളും പാടില്ല. നമ്മുടെ പല സഭകളിൽ പരിജ്ഞാനമുള്ളവർപോലും ആരാധനയുടെ മദ്ധ്യേ പ്രാർത്ഥനകളും അപേക്ഷകളും നടത്താറുണ്ട്. അത് ബുദ്ധിയുള്ള ആരാധനയുടെ ലക്ഷണമല്ല. പലരും കർത്തൃമേശയ്ക്ക് സ്തോത്രം ചെയ്യേണ്ട സമയത്ത് അപ്പത്തിനായും പാനപാത്രത്തിനായും പ്രാർത്ഥിച്ച് അവസാനിപ്പിക്കുന്നു. ആരാധനാമദ്ധ്യേ പ്രാർത്ഥനയും അപേക്ഷകളും പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്. ആരാധനയിൽ ദൈവത്തോട് ചോദിക്കുകയോ അപേക്ഷിക്കുകയോ അല്ല ചെയ്യേണ്ടത്. ദൈവത്തിന് പൂർണ്ണമായി നമ്മെത്തന്നെ യാഗമായി നൽകുന്നതാണ് ആരാധന.

**2. സ്തോത്രം**

ദൈവത്തിനു നാം സ്തോത്രം പറയുവാൻ കടപ്പെട്ടവരാണ്. "സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു" (സങ്കീ 50:23). "എല്ലാറ്റിനും സ്തോത്രം ചെയ്വിൻ" (1 തെസ്സ 5:17). പ്രാർത്ഥന പോലെ തന്നെ ദൈവത്തോട് നന്ദി പറയുവാൻ നമുക്ക് കല്പനയുണ്ട്. നന്ദി പറച്ചിൽ മാത്രം ആരാധനയാകുന്നില്ല. നാം ദൈവത്തോടും അതോടൊപ്പം മനുഷ്യരോടും നന്ദിയുള്ളവരായിരിക്കണം. നമ്മെ സഹായിക്കുന്നവർക്ക് നാം നന്ദിയുള്ളവരായിരിക്കണം. ചെയ്ത ഉപകാരങ്ങൾക്ക് നന്ദി പറയണം. നന്ദി പറയുന്നുണ്ടെങ്കിലും നമുക്ക് ഉപകാരം ചെയ്ത് നന്ദി പറഞ്ഞവരെ നാം ആരാധിക്കാറില്ല. അതുപോലെ ദൈവം ചെയ്യുന്ന ഉപ

---

മൂപ്പന്മാരെ അനുസ്മരിപ്പിക്കുന്നു. തനിക്കും കൂടെയുള്ളവർക്കും വേണ്ടി താൻ കൈകൊണ്ട് അദ്ധ്വാനിച്ചു. താൻ സ്വപ്നം കാണുന്ന തത്വജ്ഞാനിയല്ലായിരുന്നു. അദ്ധ്വാനിക്കുന്ന മനുഷ്യസ്നേഹിയായിരുന്നു. അർത്തെമിസ് ദേവിയുടെ പുരോഹിതന്മാർ വമ്പിച്ച ധനം സ്വീകരിച്ചു പോന്ന പരിതഃസ്ഥിതിയിൽ തന്റെ ഈ പ്രസ്താവനയ്ക്ക് അമിത പ്രാധാന്യമുണ്ട്.

20:35 വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം. കർത്താവിന്റെ ഈ വാക്കുകൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലായെങ്കിലും അവ എത്ര ശരിയാണ്! ഇതുപോലെ രേഖപ്പെടുത്താത്ത പല കാര്യങ്ങൾ കർത്താവു പറഞ്ഞിട്ടുണ്ട്. ഇവ കർത്താവിന്റെ Oral sayings(വാമൊഴി)യാണ്. ഒ. നോ. യോഹ. 21:25; യോഹ. 20:30; 1 കൊരി. 9:14; 1 തെസ്സ 4:15. ഔദാര്യമായി കൊടുക്കുന്നതിനാലുള്ള അനുഗ്രഹങ്ങൾ തിരുവെഴുത്തിൽ പലയിടത്തും രേഖപ്പെടുത്തിയിട്ടുണ്ട് (സദൃ. 11:24,25; 22:9; യെശ. 58:10; ലൂക്കൊസ് 6:38; 2 കൊരി 9:6)

20:36-38 മൂപ്പന്മാരും പൗലൊസും എല്ലാവരും മുട്ടിന്മേൽ വീണു. പൗലൊസ് പ്രാർത്ഥിച്ചു. ഗദ്ഗദം കാരണം വാക്കുകൾക്ക് തടസ്സമുണ്ടാകുന്നുണ്ടായിരുന്നു. എല്ലാവരും വളരെയധികം കരഞ്ഞു. ഇനി പിരിയേണ്ടിയിരിക്കുന്നു. ഭൂമിയിൽ വ്യക്തികൾ പിരിയേണ്ടിയിരിക്കുന്നു. ഭൂമിയിൽ വ്യക്തികൾ പിരിഞ്ഞേ പറ്റൂ. വിശ്വാസികൾ എല്ലാവരും ഒത്തുചേരുന്നതും ഒത്തു വസിക്കുന്നതും സ്വർഗ്ഗത്തിലാണ്. അവർ അവരുടെ ആത്മീക പിതാവിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു ചുംബിച്ചു. യാത്രാസംഘം പുറപ്പെടേണ്ട സമയമായി. അവർ കപ്പൽവരെ ചെന്ന് പൗലൊസിനെ യാത്രയാക്കി. ആ വേർപാടിന്റെ ദുഃഖം അതികഠിനമായിരുന്നു. 21:1 ൽ അവരെ 'വിട്ടുപിരിഞ്ഞു' എന്നു ലൂക്കൊസ് പറയുമ്പോൾ 'ഞങ്ങൾ ഞങ്ങളെത്തന്നെ അവരിൽ നിന്നു പറിച്ചുമാറ്റി' (We tore ourselves away from them) എന്നർത്ഥമുള്ള apaspao എന്ന ഗ്രീക്കു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ആ വേർപാടിന്റെ ദുഃഖം അതികഠിനമായിരുന്നു എന്നു സാരം ●

കാരങ്ങൾക്ക് അപ്പോഴപ്പോൾ നന്ദി പറയണം. എണ്ണി എണ്ണി സ്തോത്രം ചെയ്യണം. അതുമൂലം ദൈവം മഹത്വപ്പെടുന്നു. സൃഷ്ടികളും സ്രഷ്ടാവും എന്ന ബന്ധത്തിൽ സൃഷ്ടികൾ സ്രഷ്ടാവിനോട് ചെയ്യണ്ട കാര്യമാണ്. സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിൽ മാത്രമാണെങ്കിൽ ആ ആരാധന പൂർണ്ണമാകുന്നു. വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ ആരാധന കേവലം പ്രാർത്ഥനയും നന്ദി പറച്ചിലുംകൊണ്ട് പൂർണ്ണമാകുന്നില്ല.

**3. സ്തുതി**

ദൈവത്തെ മാത്രമല്ല മനുഷ്യനേയും സ്തുതിക്കയും പ്രശംസിക്കയും ചെയ്യാറുണ്ട്. നമുക്ക് ഒരാൾ ഒരുപകാരം ചെയ്താൽ നാം അവർക്ക് നന്ദി പറയും. ആപത്തിൽ നിന്നും നമ്മെ ഒരാൾ രക്ഷിച്ചാൽ നാം അവനെ പ്രശംസിക്കും, (പുകഴ്ത്തും). സ്തുതിയും പ്രശംസയും മനുഷ്യർക്കും നാം നൽകാറുണ്ട്. ദൈവം അപ്പോഴപ്പോൾ ചെയ്യുന്ന ഉപകാരങ്ങൾക്ക് നന്ദി പറയും, ആപത്തുകളിൽ നിന്നു വിടുവിക്കുന്നതിനു നന്ദിയും ഒപ്പം സ്തുതിക്കയും ചെയ്യുന്നു. ദൈവം ചെയ്യുന്ന ഉപകാരങ്ങൾക്കും അനുഗ്രഹങ്ങൾക്കും നന്ദി പറയുകയും സ്തുതിക്കയും ചെയ്യുമ്പോൾ ദൈവം ആരാധിക്കപ്പെടുന്നു, മഹത്വപ്പെടുന്നു. സ്തുതിയും സ്തോത്രവും നന്ദിയും അർപ്പിക്കുവാൻ നാം കടപ്പെട്ടവരാണ്. നാം അതു ദൈവസന്നിധിയിൽ ചെയ്യേണ്ടതുമാണ്. സ്തുതി സ്തോത്രങ്ങൾ മാത്രം അർപ്പിച്ചുകൊണ്ടുള്ള ആരാധന കേവലം സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിൽ മാത്രമുള്ള ആരാധനയാണ്. വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ ആരാധന ക്രൂശ് മരണം ഓർത്തുള്ള ആരാധനയാണ്.

ഒരുവന് വ്യക്തിപരമായി ദൈവത്തെ സ്ഥലകാല സമയപരിധി കൂടാതെ ആരാധിക്കാൻ സാധിക്കും. ഏതു സന്ദർഭത്തിലും ഏതു സാഹചര്യത്തിലും വ്യക്തിപരമായി ദൈവത്തെ ആരാധിക്കാൻ സാധിക്കും. ഒരുവന്റെ ഹൃദയം പരിശുദ്ധാത്മ നിയന്ത്രണത്തിൽ ദൈവം ദൈനംദിന ജീവിതത്തിൽ ചെയ്യുന്ന ഉപകാരങ്ങളെ എണ്ണിയെണ്ണി ഓർത്ത് കർത്താവിന് സ്തുതിയും സ്തോത്രവും മാനവും മഹത്വവും അർപ്പിക്കുന്നതാണ് വ്യക്തിപരമായ ആരാധന.

“സ്തുതിക്കുന്നത് നേരുള്ളവർക്ക് ഉചിതമല്ലോ” (സങ്കീ. 33:1). ഒരു ആഴ്ചയുടെ ഏതു ദിവസവും വ്യക്തിപരമായി അവനെ സ്തുതിക്കാം. മഹത്വപ്പെടുത്താം. യാത്രചെയ്യുമ്പോഴും ദൈവവചനം വായിക്കുമ്പോഴും ദൈവവചനം ശ്രവിക്കുമ്പോഴും മറ്റു ജോലികൾ ചെയ്യുന്നതിനിടയിലും ദൈവത്തെ സ്തുതിക്കാനും മഹത്വപ്പെടുത്താനും സാധിക്കുന്നു. സ്തുതി സ്തോത്രങ്ങൾ മാത്രം ഉൾക്കൊള്ളുന്നത് വ്യക്തിപരമായ ആരാധനയിലാണ്. വ്യക്തിപരമായി ദൈവത്തെ ആരാധിക്കുമ്പോൾ അതുമതിയാകും. സഭയായി ദൈവത്തെ ആരാധിക്കുമ്പോൾ കേവലം സ്തുതിയും സ്തോത്രയാഗങ്ങൾ കരേറ്റി മാത്രം ദൈവത്തെ മഹത്വപ്പെടുത്തിയതുകൊണ്ട് വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ ആരാധനയായി മാറുന്നില്ല.

സഭചേർന്ന് ദൈവത്തെ എപ്പോൾ ആരാധിക്കുന്നുവോ “എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്വിൻ” എന്ന കല്പന ആചരിക്കാതെ ആരാധിക്കാൻ പാടില്ല. കർത്തൃമേശ വ്യക്തികൾക്കല്ല സഭയ്ക്കാണ് ഏല്പിച്ചിരിക്കുന്നത്. സഭകൂടുമ്പോൾ അറുക്കപ്പെട്ട കുഞ്ഞാടിനെ ഓർക്കാതെ ആരാധിക്കാൻ സാധിക്കയില്ല. അറുക്കപ്പെട്ട കുഞ്ഞാടിനെ ഓർത്താൽ കർത്തൃമേശ ആചരിക്കണം. കർത്തൃമേശ അല്ല ആരാധന. എന്നാൽ ആരാധനയിൽ നമ്മുടെ ഹൃദയത്തിൽ പൂർണ്ണമായി നിറഞ്ഞു നിൽക്കേണ്ടത് അറുക്കപ്പെട്ട കുഞ്ഞാടാണ്. കുഞ്ഞാട് നമുക്കുവേണ്ടി അറുക്കപ്പെട്ടു എന്നതിന്റെ ഓർമ്മ നമ്മുടെ ഹൃദയങ്ങളിൽ നിറഞ്ഞ് പിതാവായ ദൈവത്തെ സാഷ്ടാംഗം വീണു നമസ്കരിക്കുന്നതിനു ഉതകുന്ന സ്മാരക ശുശ്രൂഷയാണ് കർത്തൃമേശ. വ്യക്തികളായിട്ടുള്ള ആരാധനയിൽ കർത്തൃമേശ ആചരണം ആവശ്യമില്ല. സഭയ്ക്കായിട്ടാണ് കർത്തൃമേശ ഏല്പിച്ചിരിക്കുന്നത്. അതിനാൽ ദൈവജനം ആഴ്ചവട്ടത്തിന്റെ ഒന്നാംദിനം ദൈവത്തെ ആരാധിക്കാൻ കൂടുമ്പോൾ കർത്തൃമേശ കൂടാതെ പുതിയനിയമ ആരാധന പൂർണ്ണമാവുകയില്ല. (തുടരും)

## ഏകദിന സുവിശേഷ പ്രവർത്തനം

എസ്.പി.എസ്. ഫണ്ടിനോടു ചേർന്നു പ്രവർത്തിക്കുന്ന സുവിശേഷകന്മാർ ചേർന്ന് 21-3-09ന് വെണ്ണിക്കുളം ജംഗ്ഷനിൽ നിന്നാരംഭിച്ച് മല്ലപ്പള്ളി, കറുകച്ചാൽ, മണിമല, പൊന്തൻപുഴ മുതലായ സ്ഥലങ്ങളിലൂടെ യാത്ര ചെയ്ത് വൈകിട്ട് 6 മണിക്ക് എഴുമറ്റൂർ ജംഗ്ഷനിൽ സമാപിച്ചു. 24 സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തുകയും ആയിരക്കണക്കിന് ട്രാക്റ്റുകൾ അനേകരുടെ കരങ്ങളിൽ എത്തിക്കുവാനും ഇടയായി. 5 ജീപ്പുകൾ വാടകയ്ക്കെടുത്തു. 2 ടീമുകളായി സ്വമേധയാ പ്രവർത്തകർ ഉൾപ്പെടെ 40 ഓളം പേർ ശുശ്രൂഷയിൽ സഹകരിച്ചു. സി.സി. മാത്യു, ഈട്ടിയ്ക്കൽ കുഞ്ഞുമോൻ, എം.എസ്. ചാക്കോ, സി. എം. തോമസ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 3മാസം കൂടുമ്പോൾ ഈ ശുശ്രൂഷ തുടർന്നു വരുന്നു. തുടർന്നും ദൈവമക്കളുടെ സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈട്ടിയ്ക്കൽ കുഞ്ഞുമോൻ, ജോ. സെക്രട്ടറി, അനിയൻ സി.പി. സെക്രട്ടറി എസ്.പി. എസ്. ചിരളത്തോലിൽ, തെള്ളിയൂർ 689544, 9446686051

# സമ്പൂർണ്ണ സമർപ്പണം

പി.വി. മത്തായി, ചിങ്ങവനം

ദൈവമുൻപാകെയുള്ള സമ്പൂർണ്ണ സമർപ്പണം അനുഗ്രഹങ്ങൾ വർഷിക്കാൻ കാരണമാകും. ഭാഗീക അനുസരണം അനുസരണക്കേടിന് തുല്യമാണ്. "ദൈവം തന്നോട് കല്പിച്ചതൊക്കെയും നോഹ ചെയ്തു; അങ്ങനെ തന്നെ അവൻ ചെയ്തു." (ഉല്പത്തി. 6:22). അമാലേക്കിനെ നശിപ്പിക്കാൻ ദൈവം ശൗൽ രാജാവിനെ അയച്ചു. അവൻ ഭാഗീകമായി മാത്രം അനുസരിച്ചു ശിക്ഷ വാങ്ങി. സമ്പൂർണ്ണ സമർപ്പണം ദൈവം ആഗ്രഹിക്കുന്നു. "അയ്യോ എന്റെ ജനം എന്റെ വാക്കു കേൾക്കയും യിസ്രായേൽ എന്റെ വഴികളിൽ നടക്കയും ചെയ്തെങ്കിൽ കൊള്ളായിരുന്നു; എന്നാൽ അവരുടെ ശുഭകാലം എന്നേക്കും നിൽക്കുമായിരുന്നു. അവൻ മേൽത്തരമായ കോതമ്പുകൊണ്ട് അവരെ പോഷിപ്പിക്കുമായിരുന്നു. ഞാൻ പാറയിൽ നിന്നുള്ള തേൻ കൊണ്ട് നിനക്ക് തൃപ്തി വരുത്തുമായിരുന്നു" (സങ്കീ. 81:13,15,16). ജീവിതത്തിൽ ശുഭകാലവും സമൃദ്ധിയും അനുസരിക്കുന്ന മക്കൾക്കുള്ള ദൈവാനുഗ്രഹമാണ്. "യഹോവയെ ഭയപ്പെട്ട് അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ. ഐശ്വര്യവും സമ്പത്തും അവന്റെ വീട്ടിൽ ഉണ്ടാകും. അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും. നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും" (സങ്കീ. 112:1-3). ദൈവം നമ്മെ അനുഗ്രഹിക്കാൻ പ്രസാദിക്കുന്നത് സമ്പൂർണ്ണ സമർപ്പണവും അനുസരണവും കാണിക്കുമ്പോൾ ആണ്.

യേശുകർത്താവ് മനസ്സലിവുള്ള ദൈവമാണ്. ദുഃഖിതരോടും ആലംബഹീനരോടും ആവശ്യത്തിലിരിക്കുന്നവരോടും താൻ ദയാലുവാണ്. "നമ്മുടെ ദൈവം ദയാലുവെന്ന് രുചിച്ചറിക" മത്തായി 14-ാം അദ്ധ്യായത്തിൽ താൻ ഒരു മരുഭൂമിയിൽ തന്റെ പ്രസംഗം കേൾക്കാൻ വന്ന പുരുഷാരത്തിന് ഭക്ഷണം കൊടുത്തു. പുരുഷാരത്തെ കണ്ടു താൻ മനസ്സലിഞ്ഞു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, ആ പുരുഷാരത്തിന്റെ കൂട്ടത്തിലുണ്ടായിരുന്ന ഒരു ബാലകന്റെ ഔദാര്യ മനസ്ഥിതിയാണ് അവിടെ കൂടിവന്ന പലരുടെയും കയ്യിൽ ഭക്ഷണപ്പൊതി ഉണ്ടായിരുന്നിരിക്കാം. എന്നാൽ അവരാരും അത് മറ്റുള്ളവർക്ക് പങ്കു വയ്ക്കാൻ തയ്യാറായില്ല. എന്നാൽ ഈ ബാലൻ തന്റെ കൈവശമുണ്ടായിരുന്ന 5 അപ്പവും 2 മീനും കർത്താവിന്റെ തൃപ്പാദത്തിൽ സമർപ്പിച്ചു. കൂടിവന്നിരിക്കുന്ന പുരുഷാരത്തിന്റെ ആവശ്യവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു നിസ്സാരകാര്യം. അവന്റെ സമ്പൂർണ്ണ സമർപ്പണം കർത്താവ് അംഗീകരിച്ചു. കർത്താവിന്റെ കയ്യിൽ ചെന്നപ്പോൾ അത് കൂടിവന്ന പുരുഷാരത്തിന് മുഴുവൻ അനുഗ്രഹമായി. അനുഗ്രഹവും സന്തോഷവുമായി. അവന്റെ മനോഭാവത്തെ കർത്താവ് ആദരിച്ചു. "എല്ലാവരും തിന്ന് തൃപ്തരായി; ശേഷിച്ച കഷണം 12 കൊട്ട നിറച്ചെടുത്തു.

ഈ സംഭവത്തിന്റെ പിന്നിൽ പ്രവർത്തിച്ച ആ ബലകന്റെ മാതാവിനെക്കുറിച്ചും നമുക്ക് അല്പമൊന്നു ചിന്തിക്കാം. അവനെ വെറുംകൈ ആയല്ല ആ അമ്മ അയച്ചത്. അവൻ ആ പ്രസംഗം മുഴുവൻ അവിടിരുന്ന് കേട്ട് ക്ഷീണം കൂടാതെ മടങ്ങി വരാനുള്ള ക്രമീകരണം ആ മാതാവ് ചെയ്തു. മാത്രമല്ല ആ ബാലനെ അയച്ച മാതാവ് വീട്ടിലിരുന്ന് അവനുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നിരിക്കണം. മക്കളുടെ ആത്മീക പുരോഗതിയിലും വളർച്ചയിലും മാതാക്കളുടെ പ്രാർത്ഥനയും പ്രോത്സാഹനവും അനിവാര്യമാണ്. അവർ മക്കൾക്ക് മാതൃകയായിരിക്കണം. ഈ അമ്മ പലപ്പോഴും മറ്റുള്ളവരെ അത്യാവശ്യ സമയങ്ങളിൽ സഹായിക്കുന്നതും ഈ മകൻ കണ്ടിട്ടുണ്ടായിരിക്കും. ആ പരിചയമായിരിക്കും അനേകർക്ക് അനുഗ്രഹമായിത്തീരാനുള്ള അവന്റെ ഔദാര്യദാനത്തിന്റെ കാരണം. കർത്താവിന്റെ കയ്യിൽ ആ അഞ്ചപ്പവും 2 മീനും 5000 പുരുഷന്മാർക്കും മറ്റനവധിപ്പേർക്കും ആശ്വാസമായി. ശേഷിച്ച കഷണങ്ങളുടെ ഒരു കൊട്ട അവന്റെ വീട്ടിലും ചെന്നു കാണും. അവൻ എന്തു സന്തോഷത്തോടെയായിരിക്കും അവന്റെ അമ്മയോട് ആ സംഭവങ്ങൾ വിവരിച്ചത്. അവന്റെ പേര് ഒരിടത്തും പരാമർശിച്ചിട്ടില്ലെങ്കിലും പേരില്ലാതെ തന്നെ അവൻ ലോകപ്രശസ്തനായി. സുവിശേഷം പ്രസംഗിക്കുന്ന പല സ്ഥലങ്ങളിലും ഈ സംഭവം വിവരിക്കപ്പെടുന്നുണ്ട്. ഏതൊരു പുരുഷന്റെയും വളർച്ചയ്ക്ക് പിന്നിൽ ഒരു സ്ത്രീ ഉണ്ടായിരിക്കും. അത് ഒന്നുകിൽ അമ്മ അല്ലെങ്കിൽ ഭാര്യ. ഭണ്ഡാരത്തിൽ 2 വെള്ളിക്കാശ് ഇട്ട ഒരു സ്ത്രീയെ കർത്താവ് പ്രശംസിച്ചു പറഞ്ഞത് അവൾ അവൾക്കുള്ളത് എല്ലാം ഇട്ടെന്നാണ്. തന്റെ പ്രിയ ശിഷ്യനായ തിമൊഥെയോസിനെക്കുറിച്ച് പൗലൊസ് പറഞ്ഞത് "ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനീക്കയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു" (2 തിമൊ. 1:5).

ഇത്തരുണത്തിൽ അവനെ കർത്താവിന്റെ അടുത്തേയ്ക്ക് കൊണ്ടുവന്ന അന്ത്രയൊസിനെക്കുറിച്ചും ഒരു വാക്ക് ചിന്തിക്കുന്നത് ഉചിതമായിരിക്കും. വലിയ പ്രസംഗങ്ങളോ അത്ഭുത പ്രവർത്തികളോ ഒന്നും അന്ത്രയോസ് ചെയ്തതായി പ്രസ്താവിക്കപ്പെട്ടിട്ടില്ല. എന്നാൽ ഈ ബാലകനെ കർത്താവിന്

പരിചയപ്പെടുത്തിയത് ശ്രേഷ്ഠമായ ഒരു ശുശ്രൂഷയായി (യോഹ 6:9). ഇതേപോലെ അന്ത്രെയോസ് ചെയ്ത മറ്റൊരു ശുശ്രൂഷയായിരുന്നു തന്റെ സഹോദരനായ പത്രൊസിനെ കർത്താവിന്റെ അടുത്തേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് (യോഹ. 1:41). പത്രൊസ് ശിഷ്യന്മാരിൽ ഒന്നാമനായി വളരെ ശ്രേഷ്ഠമായ ശുശ്രൂഷകൾ ചെയ്തു കർത്താവിനു വേണ്ടി എരിഞ്ഞടങ്ങി. മറ്റുള്ളവർക്ക് ശ്രേഷ്ഠമായി തോന്നാത്ത ശുശ്രൂഷയും ദൈവസന്നിധിയിൽ 30ഉം 60ഉം 100ഉം മേനി വിളയും. നാം ആരെയൊക്കെ കർത്താവിന്റെയടുത്തേക്ക് ആനയിച്ചിട്ടുണ്ട്. 2 കാലും മുടന്തനായ നടക്കാൻ കഴിയാത്ത ഒരു മനുഷ്യൻ 4 കാലിൽ സഞ്ചരിച്ച് തന്റെ മുതുകിൽ വഹിക്കുന്ന സഞ്ചിയിൽ നിറയെ ട്രാക്റ്റുകൾ കുത്തിനിറച്ച് വഴിയിൽ കാണുന്നവർക്ക് അവ കൊടുക്കുകയും സുവിശേഷം പറയുകയും ചെയ്ത് ഒരു ഗ്രാമം മുഴുവൻ സുവിശേഷീകരിച്ച് ഒരു സഭ സ്ഥാപിച്ച സംഭവം കേട്ടിട്ടുണ്ട്. തന്റെ ശാരീരിക പരിമിതികളെ അവഗണിച്ചുള്ള സമ്പൂർണ്ണ സമർപ്പണം. അവൻ നിത്യതയിൽ വാടാത്ത കിരീടം പ്രാപിച്ച് കർത്താവിനോടുകൂടി സന്തോഷിക്കും. പ്രിയ സഹോദരാ നിന്റെ അവസ്ഥ എന്താണ്? ദൈവസന്നിധിയിൽ ലജ്ജിക്കേണ്ടി വരുമോ?

കർത്താവ് ഒരു പരീശന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ പട്ടണത്തിൽ പാപിനിയായ സ്ത്രീ "പുറകിൽ അവന്റെ കാൽക്കൽ കരഞ്ഞുകൊണ്ട് നിന്ന് കണ്ണീർകൊണ്ട് അവന്റെ കാൽ നനച്ചു തലമുടികൊണ്ട് തുടച്ചു പരിമള തൈലം പൂശി" (ലൂക്കൊസ് 7-38). അവളുടെ സമ്പൂർണ്ണ സമർപ്പണം മൂലം അവൾ നീതീകരിക്കപ്പെട്ടവളായി മടങ്ങിപ്പോയി. അവളുടെ പാപബോധം കണ്ണുനീരിലൂടെ അണപൊട്ടിഒഴുകി കർത്താവിന്റെ കാൽ കഴുകുവാനും മാത്രം! അവൾ ഏറ്റം സ്നേഹിക്കുന്ന അവളുടെ തലമുടികൊണ്ട് തുവർത്തി. കർത്താവ് അവളോട് പറഞ്ഞു "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (ലൂക്കൊസ് 7:50). അവളുടെ നീതീകരണം സമ്പൂർണ്ണ സമർപ്പണത്തിന്റെ ഫലമായിരുന്നു. പ്രിയ സഹോദരാ, നിങ്ങൾ സമ്പൂർണ്ണമായി നീതീകരിക്കപ്പെട്ടിട്ടുണ്ടോ? യേശുവിനെ സ്നേഹിക്കുന്ന എല്ലാവർക്കും അവളുടെ പ്രവൃത്തി ഒരു വെല്ലുവിളിയായിരിക്കട്ടെ.

കർത്താവ് ബെഥാന്യയിൽ കുഷ്ടരോഗിയായ ശിമോന്റെ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ മറിയ ഒരു ഭരണി പരിമളതൈലം 300 വെള്ളിക്കാശ് വിലയുള്ളത് അവന്റെ തലയിൽ ഒഴിച്ച് കാലിലേക്ക് ഒഴുകി വന്നത് തന്റെ തലമുടികൊണ്ട് തുടച്ചു (യോഹ 12:3). തന്റെ ശവസംസ്കാരത്തിനുള്ള മുന്നൊരുക്കമായി താൻ അതിനെ വാഴ്ത്തി. തന്നെയുമല്ല താൻ പറഞ്ഞു "ലോകത്തിൽ എങ്ങും ഈ സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കുമെന്ന് സത്യമായിട്ട് നിങ്ങളോട് പറയുന്നു" (മത്തായി. 26:13).തന്റെ സംസ്ക്കാര സമയത്ത് മറിയയ്ക്കും കൂട്ടർക്കും ഒന്നും ; ചെയ്യുവാൻ അവസരം കിട്ടിയില്ല. ഇപ്പോൾ കിട്ടിയ അവസരം അവൾ പാഴാക്കാതിരുന്നത് നന്നായി. കർത്താവിന് എന്തെങ്കിലും ചെയ്യാനാഗ്രഹിക്കുന്നവർ അത് നാളേയ്ക്കു മാറ്റി വയ്ക്കരുത്. പിന്നെ അതിന് അവസരം കിട്ടിയില്ല എന്ന് വന്നേക്കാം. കർത്താവിന്റെ നാമമഹത്വത്തിനായി ചെയ്യുന്നത് എക്കാലത്തും സ്മരിക്കപ്പെടും. നിത്യതയിലും അത് സന്തോഷ വിഷയമാകും. നമ്മുടെ ആയുസ്സ് അല്പം മാത്രം. മനുഷ്യരൊക്കെ വെറും നിഴലായി നടക്കുന്നു നിശ്ചയം. ക്രിസ്തുവിനുവേണ്ടി ചെയ്തതു മാത്രം നിലനിൽക്കും. നാം കർത്താവിന് കൊടുക്കുന്നതിന്റെ ഇരട്ടി പങ്ക് നമുക്ക് അവൻ അനുഗ്രഹങ്ങളോടെ തിരിച്ചു തരും. അതുകൊണ്ട് കർതൃശുശ്രൂഷയ്ക്ക് കൊടുക്കാൻ മടിക്കണ്ട. അത് ആരോഗ്യമോ, ബുദ്ധിയോ, സമയമോ പണമോ എന്തും ആയിക്കൊള്ളട്ടെ. വാതിൽക്കൽ നിന്ന് മുട്ടുന്ന കർത്താവിനെ അകത്തു പ്രവേശിക്കാൻ അനുവദിച്ചാൽ അവൻ പിന്നെ അതിഥിയല്ല, ആതിഥേയനാണ്.

പൂർണ്ണ സമർപ്പണത്തോടെയല്ലാതെ കൊടുത്ത ഒരു ദാനത്തെക്കുറിച്ച് പ്രവൃ. 5-ാം അദ്ധ്യായം പറയുന്നു. പരിശുദ്ധാത്മാവിനോട് കപടം കാണിച്ച അനന്യാസിന്റെയും സഫീറയുടെയും ഭയദൃഷ്ടാന്തം നമ്മുടെ മുൻപിൽ കിടക്കുന്നു. അപൂർണ്ണ സമർപ്പണം കോപഹേതുവാകും. "എന്നാൽ ലോഭമായി വിതക്കുന്നവൻ ലോഭമായി കൊയ്യും. ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും എന്ന് ഓർത്തുകൊൾവിൻ." അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്; നിർബന്ധത്താലുമരുത്. "സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" (2 കൊരി. 9:6,7). പ്രിയ ദൈവജനമേ നാം വിതയ്ക്കുന്നത് തന്നെ കൊയ്യും. വിതയ്ക്കുന്നതിൽ അധികം കൊയ്യും. കുറെ കഴിഞ്ഞാണ് കൊയ്യുന്നത്. വിതയും കൊയ്ത്തും അനുഗ്രഹമായി തീരട്ടെ. രണ്ടിനാലും ദൈവനാമം മഹത്വപ്പെടട്ടെ. നമ്മെത്തന്നെ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കാം. "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായി തീർന്ന കൃപ" നാം ഒരിക്കലും മറന്നുപോകാതിരിക്കട്ടെ. ●

# കർത്താവായ യേശുക്രിസ്തു

എ.വി. ജോർജ്ജ്, തിരുവനന്തപുരം

**പി**താവാം ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചപ്പോൾ ദൈവം തന്റെ കൈവേലയായി സൃഷ്ടിച്ച മനുഷ്യന്റെ വേഷം (വേഷത്തിൽ മനുഷ്യനായി വിളങ്ങി) പുത്രന് നല്കി. പുത്രൻ അവരുടെ ഇടയിൽ പാർത്ത് ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം അറിയിച്ചു. മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്ന് വിടുവിക്കാനായി പിതാവ് പുത്രനെ അയച്ചതാണെന്നുള്ള സുവിശേഷമാണ് ബൈബിൾ അറിയിക്കുന്നത്. അവനെ ഒരു മനുഷ്യനായി മനുഷ്യരുടെ ഇടയിലേക്ക് അയച്ചപ്പോൾ അവൻ അറിയപ്പെടേണ്ടതിനായി ഒരു പേര് ദൈവം തന്നെ നൽകി. അതാണ് യോസഫിനോട് ദൈവത്തിന്റെ ദൂതൻ "അവൻ അവരെ അവരുടെ പാപങ്ങളിൽ നിന്നും വിടുവിക്കാനിരിക്കകൊണ്ട് അവന് യേശു എന്ന് പേരിടണം" എന്നു പറഞ്ഞത്. ആയതിനാൽ യേശു എന്ന പേരിൽ ലോകം മുഴുവൻ അവനെ അറിഞ്ഞു. അവൻ ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് എല്ലാവരും അവനെ യേശു എന്ന് അറിഞ്ഞു വിളിച്ചു.

എന്നാൽ ദൈവം അവനെ നിയോഗിച്ച് അയച്ച ദൗത്യം നിവർത്തിച്ചു കഴിഞ്ഞപ്പോൾ ലോകത്തിന്റെ പാപത്തിന്റെ പരിഹാരം കാൽവറി ക്രൂശിലെ തന്റെ പാപപരിഹാര ബലിയായി നിവർത്തിച്ചു കഴിഞ്ഞപ്പോൾ എല്ലാവർക്കും കുറഞ്ഞപക്ഷം വിശ്വസിക്കുന്ന എല്ലാവർക്കും കർത്താവായി തീർന്നു. അവൻ യേശുവായി കുരിശിലേക്ക് കയറിപ്പോയി. മരിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കരേറിയപ്പോൾ നമ്മുടെ കർത്താവായി. അവൻ ഇപ്പോൾ മനുഷ്യനാമം ധരിച്ച യേശുവല്ല. ലോകത്തിൽ പോലും നാം അതിനു സമാനമായ അവസ്ഥ കാണുന്നുണ്ട്. താഴെ തട്ടിലുള്ള ഒരുവൻ കോർപ്പറേഷൻ മേയർ ആയാൽപോലും ബഹുമാന്യനായ മേയറായിത്തീരുന്നു. അങ്ങനെയെങ്കിൽ ലോകത്തിന്റെ മുഴുവൻ രക്ഷകനായിതീർന്ന യേശു, കർത്താവായി ജീവിക്കുന്നിടത്തോളം യേശു കർത്താവായി തന്നെയാണ് അറിയപ്പെടുന്നത്. വെറും മനുഷ്യനായ മേയറെ അയാൾ മേയറായിരിക്കുന്നിടത്തോളം കാലം ബഹുമാന്യനായ മേയറായി അഭിസംബോധന ചെയ്യണമെന്നുള്ളത് ലോകത്തിന്റെ നിയമം ആണെങ്കിൽ സകലത്തിന്റെയും ഉടയവനായ ദൈവം തന്റെ പുത്രനെ ലോകത്തിന്റെ രക്ഷകനായി അയച്ച് അവൻ ആ കാര്യം ദൈവത്തിന് ഹിതകരമായ നിലയിൽ നിവർത്തിച്ചിട്ട് അവന്റെ മഹത്വത്തിലേക്ക് പ്രവേശിച്ച് ഇന്നും മഹത്വധാരിയായി (മനുഷ്യൻ പറയുന്ന ബഹുമാന്യനായി) പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി വീണ്ടെടുക്കപ്പെട്ടവർക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതനായി ജീവിക്കുന്ന കർത്താവിനെ യേശുകർത്താവെന്നല്ലാതെ വെറുതെ യേശുവെന്ന് അഭിസംബോധന ചെയ്യുന്നത് എങ്ങനെ ഉചിതമാകും, സ്വീകാര്യമാകും.

സാധാരണക്കാരനായ മേയറെപ്പോലും ബഹുമാന്യൻ എന്ന് അഭിസംബോധന ചെയ്യുന്നില്ലെങ്കിൽ ആ സ്ഥാനം വഹിക്കുന്ന ആളിനെ അപമാനിക്കുന്നതായി കരുതും. എങ്കിൽ നമ്മുടെ വീണ്ടെടുപ്പ് സാധിച്ചിട്ട് ഇന്ന് പിതാവിന്റെ സന്നിധിയിൽ സർവ്വ മഹത്വവും അണിഞ്ഞവനായി വിരാജിക്കുന്ന നമ്മുടെ കർത്താവിനെ വെറും യേശു എന്ന് വിളിക്കുന്നു എങ്കിൽ അവനെ ഏറ്റവും നിന്ദിക്കുന്നവരും അപമാനിക്കുന്നവരുമായി തീരുമെന്നതിന് യാതൊരു സംശയവും വേണ്ട. ലോകത്തിൽ ഏതെങ്കിലും സ്ഥാനം വഹിക്കുന്നവരെ ബഹുമാനത്തോടെ അഭിസംബോധന ചെയ്യുന്നില്ലെങ്കിൽ ലോകനിയമപ്രകാരം ശിക്ഷയ്ക്ക് വിധേയരാകുമെന്നുണ്ടെങ്കിൽ കർത്താവിന് നൽകേണ്ട മഹത്വം കൊടുക്കുന്നില്ലെങ്കിൽ തീർച്ചയായും അതിന് കണക്കു പറയേണ്ടി വരുമെന്ന് ഓർത്തുകൊള്ളുക. സ്വർഗ്ഗത്തിൽ കർത്താവിനെ ദൈവത്തിന്റെ പുത്രൻ എന്ന നിലയിൽ കുഞ്ഞാടെന്നാണ് വിളിക്കുന്നത്. വെളി. 5-ാം അദ്ധ്യായത്തിൽ അങ്ങനെ കാണുന്നു. വെളി. 1:1 ൽ യോഹന്നാന് യേശുക്രിസ്തുവിന്റെ വെളിപ്പാടായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് അവൻ ഇപ്പോൾ യേശുക്രിസ്തുവാണ്. യേശു അല്ല എന്ന് ഉറപ്പിക്കുകയാണ്. അവൻ കാൽവറി ക്രൂശിലെ യാഗം മുഖാന്തിരം പാപത്തിന്റെ പരിഹാരം വരുത്തിയ ശേഷം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കരേറിപോയത് യേശുവായിട്ടല്ല, കർത്താവായിട്ടാണ്.

അതുകൊണ്ട് അവൻ ഇന്നു നമുക്ക് യേശുക്രിസ്തുവാണ്. അതുകൊണ്ടാണ് വചനം നിശ്ചയമുള്ള ബ്രദറുകാർ അവനെ യേശു എന്ന് അഭിസംബോധന ചെയ്യാതെ യേശുകർത്താവ് എന്നു തന്നെ പറയുന്നത്. അവൻ യേശു കർത്താവു തന്നെയാണ്. നാം പ്രാർത്ഥിച്ചും സ്തോത്രം ചെയ്തും അവസാനിപ്പിക്കുമ്പോൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ എന്ന് പറയുന്നത്. അവൻ വെറും യേശു അല്ലാത്തതുകൊണ്ടാണ്. എന്നാൽ അനേകർ ഇപ്പോഴും പ്രാർത്ഥിച്ച് അവസാനിപ്പിക്കുമ്പോൾ യേശുവിന്റെ നാമത്തിൽ തന്നെയെന്നാണ് പറയാറുള്ളത്. അവർക്ക് ഇപ്പോഴും യേശു കർത്താവായിട്ടില്ല എന്ന സൂചനയാണ് അത് നൽകുന്നത്. അവൻ നമുക്ക് കർത്താവായതിനാൽ വെറും യേശു അല്ല. അവനിൽ വിശ്വസിച്ച് ദൈവമക്കളായി തീർന്നു എന്ന് ഉറപ്പുള്ളവർക്ക് എല്ലാം അവൻ കർത്താവായ യേശുക്രിസ്തു തന്നെയാണ്. അതുകൊണ്ടാണ് ബ്രദറൺ ഉപദേഷ്ടാക്കാന്മാർ യേശുകർത്താവിനെ വെറും യേശു എന്ന് ഇപ്പോൾ അഭിസംബോധന ചെയ്യരുതെന്ന് പഠിപ്പിക്കുന്നത്. യേശുക്രിസ്തുവിനെ കർത്താവായി വിശുദ്ധീകരിച്ചുകൊണ്ട് ജീവിക്കുവാൻ എല്ലാ വായനക്കാരെയും ദൈവം സഹായിക്കട്ടെ. ●

# കണ്ണുനീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും (സങ്കീ. 126:5)

ജോർജ്ജ് സി. വർഗ്ഗീസ്, തിരുവനന്തപുരം

യഹോവ സീയോന്റെ പ്രവാസികളെ മടക്കി വരുത്തിയപ്പോൾ... അന്ന് ഞങ്ങൾ സ്വപ്നം കാണുന്നവരേപ്പോലെയായിരുന്നു. അന്നു ഞങ്ങളുടെ വായിൽ ചിരിയും ഞങ്ങളുടെ നാവിന്മേൽ ആർപ്പും നിറഞ്ഞിരുന്നു. യഹോവ അവരിൽ വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു.... അതുകൊണ്ട് ഞങ്ങൾ സന്തോഷിക്കുന്നു. കണ്ണുനീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും....കറ്റ ചുമന്നും ആർത്തും കൊണ്ടു വരുന്നു (സങ്കീ. 126).

ബാബിലോന്യ പ്രവാസത്തിനുശേഷം സെരുബാബേൽ, എസ്രാ, നെഹമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ മടങ്ങിയ ജനത്തിന്റെ വിജയഘോഷധ്വനി-വായിൽ ചിരിയും നാവിന്മേൽ ആർപ്പുമാണ് സങ്കീർത്തനത്തിന്റെ ആരംഭവാക്കുകളിൽ നാം വായിക്കുന്നത്. സീയോനിലേക്ക് പ്രയാണം ചെയ്തുവന്ന ആ ശേഷിപ്പിന്റെ അനുഭവം "സ്വപ്നം കാണുന്നവരേപ്പോലെയായിരുന്നു" എന്ന് വിവരിച്ചിരിക്കുന്നു (വാ.1). യഹോവ അവരിൽ വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു എന്ന് അവരുടെ അയൽവാസികളായ ജാതികൾ പോലും പറയത്തക്കവിധത്തിലുള്ള വൻകാര്യങ്ങളാണ് ദൈവം അവർക്കായി ചെയ്തത്. സാത്താന്റെ ബന്ധനത്തിൽ പാപത്തിന്റെ അധീനതയിൽ കിടക്കുന്ന ഒരു വ്യക്തി ക്രിസ്തുയേശുവിലുള്ള സ്വാതന്ത്ര്യം ലഭിച്ചു കഴിയുമ്പോൾ ലഭിക്കുന്ന ഹൃദയത്തിലെ സന്തോഷത്തിന്റെ അലയടികൾ ഈ വാക്യങ്ങളിൽ മുഴങ്ങി നിൽക്കുന്നതായി ആത്മീയ കണ്ണുകൾക്ക് കാണാൻ കഴിയും. വിശ്വാസികളായ നമുക്കോരോരുത്തർക്കും നമ്മുടെ അനുഭവത്തിൽ നിന്നും ഏറ്റു പറയുവാനുള്ളത് യഹോവ ഞങ്ങൾക്ക് (എനിക്ക്) വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു എന്നതാണ്. മറ്റുള്ളവർ നമ്മുടെ ഈ സാക്ഷ്യം കേൾക്കാനിടയാകട്ടെ.

ഇപ്പോൾ അവർ ബാബിലോന്യ പ്രവാസത്തിൽ നിന്നും സ്വന്ത സ്ഥലങ്ങളിൽ വന്നു ചേർന്നിരിക്കയാണ്. ഇനിയും അവർക്ക് തുടർന്നുള്ള ഉപജീവനത്തിനായി കൃഷി ഇറക്കേണ്ടതായിട്ടുണ്ട്. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം വലിയ ഒരു പ്രശ്നം അവർ അഭിമുഖീകരിക്കുകയാണ്. മടങ്ങി വന്ന ഓരോരുത്തരും കുറെ വിത്തുകൾ മാത്രമേ ചുമന്നുകൊണ്ടുവന്നിട്ടുള്ളൂ. ഈ വിത്തുകൾ വിതയ്ക്കാനായി ഉപയോഗിച്ചു കഴിഞ്ഞാൽ അവർ എന്താണ് ഭക്ഷിക്കുക? അവരുടെ കൃഷിഭൂമികളിൽ ഒന്നുംതന്നെയില്ലാതെ എല്ലാം തരിശായി കിടക്കുകയാണ്. ഒന്നുംതന്നെ കൊയ്തെടുക്കാനായിട്ടില്ല. ഒരു കാര്യം മാത്രമേ അവർക്ക് ചെയ്യാനായിട്ടുള്ളൂ. ഉള്ള വിത്ത് ഉപയോഗിച്ച് കൃഷി ഇറക്കി ഭാവിയിലുണ്ടാകാൻ പോകുന്ന സമൃദ്ധമായുള്ള ഒരു കൊയ്ത്തിനെ പ്രതീക്ഷിക്കുക. അങ്ങനെ ഏതാണ്ട് ഭൂരിഭാഗം വിത്തും കൃഷിക്കായി ഇറക്കിക്കഴിഞ്ഞാൽ അവശേഷിക്കുന്ന അല്പംകൊണ്ടു വേണം കഷ്ടിച്ചും അരിഷ്ടിച്ചും കൊയ്ത്തുവരെ ജീവിക്കാൻ. ഈ തീരുമാനമാണ് അവർ ചെയ്തത്.

അങ്ങനെ കൃഷി ഇറക്കാനായി ഉഴുതു മറിച്ച് കട്ടയുടച്ച് തയ്യാറാക്കിയ കൃഷിഭൂമിയിലേക്ക് കർഷകൻ ഇറങ്ങുകയാണ്. തന്റെ കയ്യിലുള്ള പാത്രത്തിലെ(കൊട്ട) വിത്ത് വിതറാനായി കയ്യ് വയ്ക്കുമ്പോൾ തന്റെ കണ്ണിൽ നിന്നും കണ്ണുനീർച്ചാലുകൾ പൊട്ടിഒഴുകുകയാണ്. താനും ഭാര്യയും മക്കളും ഇനിയും കൊയ്ത്തുവരെ, ഫലശേഖരണം വരെ എങ്ങനെ ജീവിക്കും എന്ന ഉപജീവന ഭാരത്താൽ എന്നാൽ ചില നാളുകൾ ഇങ്ങനെ ഭാരത്തിൽ, ഞെരുക്കത്തിൽ, കണ്ണുനീരിൽ കഴിഞ്ഞെങ്കിലും ഇപ്പോൾ വയലിലേക്ക് നോക്കുമ്പോൾ വലിയ സന്തോഷമാണ്. കണ്ണുനീരെല്ലാം മാറി, ഇനിയും പഴുത്ത് സ്വർണ്ണ നിറത്തിൽ വയലിൽ നിൽക്കുന്ന കതിരുകൾ കൊയ്തെടുക്കാമല്ലോ എന്ന വലിയ സന്തോഷം. താനും കുടുംബവും കഴിഞ്ഞ നാളുകളിൽ ത്യാഗപൂർവ്വം ജീവിച്ചതിന്റെ മഹാപ്രതിഫലം.

പ്രിയരേ, ഈ കാര്യം എഴുതുമ്പോൾ എന്റെ ഔദ്യോഗിക ജീവിതത്തിലുണ്ടായ (റബ്ബർ ബോർഡിൽ) ചില അനുഭവങ്ങൾ മനസ്സിൽ ഓടി എത്തുകയാണ്. റബ്ബറിന് ഏറ്റവും വില കുറഞ്ഞു നിന്ന 1995-98 കാലഘട്ടം. റബ്ബർ കൃഷിക്കാരുടെ സമ്മേളനങ്ങളിലും സെമിനാറുകളിലും ക്ലാസ്സുകൾ എടുക്കുമ്പോൾ പഴയ ആദായം കുറഞ്ഞ മരങ്ങൾ വെട്ടിമാറ്റി റബ്ബർബോർഡിന്റെ ധനസഹായത്തോടെ നല്ല ആദായം കൂടിയ പുതിയ 105 മുതലായ ഇനങ്ങൾ വെച്ചു പിടിപ്പിക്കണം എന്ന ആഹ്വാനം നൽകുമായിരുന്നു. ഇങ്ങനെ ആവർത്തന കൃഷി ചെയ്താൽ ആദായം ഇല്ലാത്ത 6-7 വർഷക്കാലം എങ്ങനെ ജീവിക്കും എന്നായിരുന്നു ചിലരെ ഭാരപ്പെടുത്തിയത്. അതിനാൽ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ചെറിയ ആദായത്തിൽ കഷ്ടിച്ചും അരിച്ചും ജീവിച്ചുകൊള്ളാം എന്നവർ തീരുമാനിച്ച് ഈ നിർദ്ദേശം നിരാകരിച്ചു. എന്നാൽ

ഭൂരിപക്ഷം ആളുകളും ഈ നിർദ്ദേശം കൈക്കൊണ്ടു. ഫലമോ? ഏക്കറിന് നാലോ അഞ്ചോ കിലോ റബ്ബർ കിട്ടിയിരുന്ന സ്ഥാനത്ത് അനേക മടങ്ങ് ആദായം. കൈനിറയെ പണം. ഇപ്പോഴവർ ഞങ്ങളെ വളരെ ആദരവോടെ കാണുന്നു. അവരുടെ വായിൽ ചിരിയും ആർപ്പും നിറഞ്ഞിരിക്കുന്നു. നിർദ്ദേശം സ്വീകരിക്കാതെ പോയവരുടെ മുഖത്തോ? വ്യാകുലത. അവർ കണ്ണീരോടെ വിതയ്ക്കാൻ തയ്യാറല്ലായിരുന്നു. അതുകൊണ്ട് മറ്റുള്ളവരേപ്പോലെ സന്തോഷകരമായ അനുഭവം അവർക്കില്ലാതെ പോയി. "കണ്ണീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും".

വേദപണ്ഡിതനായ വില്യം മാക്ഡൊണാൾഡ് വ്യക്തിപരമായ നമ്മുടെ പണസംബന്ധമായ കാര്യവിചാരകത്തോട് ചേർന്ന് ചില നിർദ്ദേശങ്ങൾ ഈ ബന്ധത്തിൽ നൽകിയിരിക്കുന്നത് നടപ്പാക്കിയാൽ സുവിശേഷത്തിന്റെ വ്യാപ്തിക്കായി വളരെ പ്രയോജനപ്പെടും എന്ന കാര്യത്തിന് സംശയവുമില്ല. വിശ്വാസികളായ നമ്മുടെ കയ്യിൽ കർത്താവ് ഓരോരോ അളവിൽ - താലന്തുകളുടെ ഉപമയിൽ കാണുന്ന പ്രകാരം - കുറെ പണം ഏല്പിച്ചിട്ടുണ്ട്. ഈ പണം നമ്മുടെ ഹൃദയതാല്പര്യപ്രകാരം ചെലവഴിക്കാൻ സാധിക്കും. വസ്തുവകകൾ സമ്പാദിക്കുന്നതിനോ ഇപ്പോൾ തന്നെ ഉപയോഗ യോഗ്യമായി കിടക്കുന്ന വീടുകൾ നവീകരിക്കുന്നതിനോ പുതുക്കിപണിത് വലിയ ബംഗ്ലാവുകൾ ഉണ്ടാക്കാനും മറ്റും ഉപയോഗിക്കാൻ കഴിയും. പക്ഷേ ആരവിടെ പാർക്കുമെന്ന് ഉറപ്പില്ല. വീട് ആര് സൂക്ഷിക്കും? നാട്ടിൽ അടഞ്ഞു കിടന്ന ഒരു വീട്ടിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന 1 ലക്ഷത്തിലധികം രൂപാ വിലയുള്ള ബുക്കുകൾ കമന്ററികൾ, കൺകോർഡൻസ് മുതലായവ അലമാരി ഉൾപ്പെടെ ചിതലിനാഹാരമായ കാര്യം വളരെ സങ്കടത്തോടുകൂടി ഒരു വേദപഠിതാവ് എന്നോട് വെളിപ്പെടുത്തി. ഇതുപോലെയുള്ള അവസ്ഥ പല ഭനങ്ങളിലുമുണ്ട്. പ്രായോഗികമായി നമ്മുടെ പണത്തിന്റെ നല്ലൊരു ഭാഗം ക്രിസ്തീയ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കും. ഒരു കാര്യം ഉറപ്പാണ്, നാം ഈ ലോകത്തിൽ നിന്ന് മാറ്റപ്പെട്ടുകഴിഞ്ഞാലും ഉപയോഗിക്കപ്പെടാതെ അവിടവിടെയായി ധനകാര്യസ്ഥാപനങ്ങളിൽ കുറെ പണം കിടക്കും എന്നതിന് യാതൊരു സംശയവുമില്ല. ഇപ്രകാരം നമ്മുടെ പണത്തെ തിരിച്ചു വിട്ടാലുള്ള ഫലമോ? ചില ആത്മാക്കളെങ്കിലും നിത്യതയിൽ അറുക്കപ്പെട്ട കുഞ്ഞാടിനെ നമസ്ക്കരിക്കുന്നവരുടെ കൂട്ടത്തിൽ കാണപ്പെടും. ഇത് പെട്ടെന്ന് നടപ്പാക്കാൻ സാധിക്കുമോ എന്ന് പ്രായോഗിക തലത്തിൽ ചിന്തിക്കാൻ സാദ്ധ്യതയുണ്ടെങ്കിലും നമ്മുടെ ചിന്താവിഷയമാക്കേണ്ട ഒരു വിഷയം തന്നെയാണിത്.

**വിതയ്ക്കേണ്ടത് ദൈവവചനം**

"കണ്ണീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും"(വാ. 5) എന്നുള്ള വിവരണം ദൈവവചനം ശുശ്രൂഷ ചെയ്യുന്ന കർത്തൃദാസന്മാർ ഒടുവിൽ തങ്ങളുടെ അദ്ധ്വാനങ്ങളുടെ ഫലങ്ങളെ കണ്ട് സന്തോഷിക്കുന്ന അനുഭവത്തെ വെളിപ്പെടുത്തുന്നു. വിതയ്ക്കുന്ന വിത്തുകൾ ദൈവവചന ശുശ്രൂഷയെ പ്രതിനിധീകരിക്കുന്നു (ലൂക്കൊസ്. 8:11). ഒറീസ്സാ, കർണ്ണാടകം, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലെ ചില സ്ഥലങ്ങളിൽ അനുഭവപ്പെട്ടതുപോലെയുള്ള എതിർപ്പുകൾ സഹിച്ചു പ്രവർത്തിക്കുന്ന സുവിശേഷ വേലയാണ് "കണ്ണുനീരോടെ വിതയ്ക്കുന്ന ജോലിയായി ഈ കൃപായുഗത്തിൽ നാം ദർശിക്കുന്നത്." "വിത്ത് ചുമന്ന് കരഞ്ഞും വിതച്ചുംകൊണ്ട്" ഇന്നു നടക്കുന്നവർ പ്രതിഫലത്തിന്റെ ദിവസത്തിൽ "കറ്റ ചുമന്നും ആർത്തും കൊണ്ട് വരുന്നു" (വാ.5) എന്ന് വായിക്കുന്നു. അതിനാൽ കർത്തൃവേലയിൽ സുവിശേഷത്തിന്റെ വ്യാപ്തിക്കായി ഏതെങ്കിലും ഒരളവിൽ നമ്മെ ആക്കിയിരിക്കുന്ന ഇടങ്ങളിൽ പ്രവർത്തിക്കാനായി നമുക്കുൽസാഹിക്കാം.

**വിതയ്ക്കുമ്പോൾ "കൂട്ടുവിത്തുകൾ" പാടില്ല.**

"നിന്റെ മുന്തിരിത്തോട്ടത്തിൽ വേറൊരു വക വിത്തും ഇടരുത്. അങ്ങനെ ചെയ്താൽ നീ ഇട്ട വിത്തിന്റെ വിളവും മുന്തിരിത്തോട്ടത്തിന്റെ അനുഭവവും അശുദ്ധമാകും" എന്നാണ് കാണുന്നത് (ആവ. 22:9)...... and the fruit of thy Vine yard be defiled എന്ന് ഇംഗ്ലീഷിൽ. എല്ലാ ക്രിസ്തീയ വേലക്കാർക്കും ഏതു കാലത്തും അത്യന്തം സുപ്രധാനമായ പ്രായോഗിക നിർദ്ദേശങ്ങൾ ഈ വാക്യത്തിലുണ്ട്. ആത്മീകം എന്നു പറയുന്ന ഇന്നത്തെ കൃഷിയിടങ്ങളിൽ "കൂട്ടുവിത്തുകൾ" ഒട്ടനവധിയാണ്. അവയുടെ അളവ് ഭയങ്കരവും. എത്രയെത്ര തത്വജ്ഞാനങ്ങളും വെറും വഞ്ചനകളും! ജ്ഞാനം എന്നു വ്യാജമായി പറയുന്നവയും എത്രയെത്ര ലോകത്തിന്റെ ആദിപാഠങ്ങളും ലോകത്തിൽ അങ്ങോളമിങ്ങോളം നിർമ്മല സുവിശേഷ സത്യവുമായി കൂട്ടിക്കലർത്തി ക്രിസ്തു സഭ എന്ന് സ്വയം വിശേഷിപ്പിക്കുന്ന വലിയൊരു ജനത (സമൂഹം) അതിന്റെ ഉപദേശങ്ങളിലും പ്രസംഗങ്ങളിലും കൂടെ വിതച്ചുകൊണ്ടിരിക്കുന്നത്! അപ്പോൾ തന്നെ ക്രിസ്തുവിന്റെ വിലയേറിയ രക്ഷണ്യ സുവിശേഷത്തിന്റെ വിത്ത് എത്ര തുച്ഛമായി മാത്രമേ ഇന്ന്

ക്രൈസ്തവ ലോകത്തിന്റെ വയലുകളിൽ വിതച്ചു കാണുന്നുള്ളൂ.

ഇല്ലാത്ത ആത്മീയാനുഭവം ഉണ്ടെന്ന് മറ്റുള്ള വരെ ധരിപ്പിക്കുക. ഇല്ലാത്ത ഉണർവ്വ്, യോഗങ്ങളിൽ ഉണ്ടാക്കുക എന്നത് ചില പ്രാസംഗീകരുടെ ഒരു പ്രവണതായി തീർന്നിരിക്കുന്നു. ഇവിടെ എനിക്ക് കൂട്ടിച്ചേർക്കാവുന്നത് സംഖ്യാപുസ്തകത്തിൽ പറ ഞ്ഞിരിക്കുന്ന മുന്നറിയിപ്പാണ്. ദൈവത്തിന്റെ യാഗ പീഠത്തിൽ അന്യാഗ്നി കത്തിക്കരുത്. കത്തിച്ചാൽ അത് കത്തിക്കുന്നവൻ ദഹിപ്പിക്കപ്പെടും.

പ്രിയരേ വളരെ ശബ്ദകോലാഹലങ്ങളിൽ കൂടെയാണോ വചനം പ്രഘോഷിക്കപ്പെടേണ്ടത് ഏലിയാവിന്റെ ജീവിതത്തിലെ ഒരു രംഗം ശ്രദ്ധി ക്കുക 'അപ്പോൾ ഇതാ യഹോവ കടന്നുപോകു ന്നു. ശക്തിയുള്ള കൊടുങ്കാറ്റ് യഹോവയുടെ മുൻ പിൽ പർവ്വതങ്ങളെ കീറി പാറകളെ തകർത്തു. എന്നാൽ കാറ്റിൽ യഹോവ ഇല്ലായിരുന്നു. കാറ്റി നുശേഷം ഒരു ഭൂകമ്പം ഉണ്ടായി; ഭൂകമ്പത്തിലും യഹോവ ഇല്ലായിരുന്നു. ഭൂകമ്പത്തിനുശേഷം ഒരു തീ, തീയിലും യഹോവ ഇല്ലായിരുന്നു. തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടാ യി." (1.രാജാ. 19:11-12). നോക്കുക, ദൈവത്തിന്റെ നിരന്തരമായ കൃപയുടെ ശുശ്രൂഷ സാവധാനമായ മൃദുസ്വരത്തിലാണ് എന്ന് നാം ഇവിടെ കാണുന്നു. കുലുക്കത്തിലും ബഹളത്തിലുമല്ല. ഇന്നും അത്ഭു തങ്ങളുടേയും അടയാളങ്ങളുടേയും മദ്ധ്യത്തിൽ ദൈവത്തെ തേടി നടക്കുന്നവരുണ്ട്. ദൈവത്തിന് ഇന്നും അത്ഭുതം ചെയ്യാൻ കഴിയും. അവൻ കല്പിച്ചാൽ കൊടുങ്കാറ്റുവരും, ഭൂമി കുലുങ്ങും, തീയിറങ്ങും. എന്നാൽ കൃപയുടെ മൃദുസ്വരത്തിൽ ലളിതമായ സുവിശേഷത്തിന്റെ നാദത്തിലാണ് ദൈവം ഇന്ന് സംസാരിക്കുന്നതെന്നോർക്കണം. ശബ്ദബഹുലമായ ഈ ലോകത്തിൽ ധ്വനിക്കുന്ന ഈ ദൈവീക മൃദുസ്വരം കേൾക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ? യേശുക്രിസ്തുവിന്റെ ഓരോ ദാസനും യേശുക്രിസ്തു എന്ന ഒരേയൊരു ആശ യവാഹകനായിരിക്കണം" (C.H.M.) എന്ന കാര്യം ഉറപ്പായി വിശ്വസിക്കേണ്ടതത്രേ. ചില ആത്മീയ സത്യങ്ങൾ കേൾക്കുമ്പോൾ ഹൃദയത്തിൽ വ്യസനം തോന്നുന്നു എങ്കിൽ അത് ദൈവത്തിന്റെ ഇടപെടലാണെന്ന് ഓർക്കുക. ക്രൈസ്തവ ലോക ത്തിൽ ഇന്ന് "പ്രസംഗകരും ഉപദേശകരും" വിശുദ്ധ തിരുവെഴുത്തുകളിൽ നിന്നും അമ്പേ മാറി പ്പോയി. സത്യസുവിശേഷ ഘോഷണത്തിന് സഹായകമായി വിവിധ തത്വശാസ്ത്രങ്ങൾ, ശാസ്ത്രം, നാടകം, സാഹിത്യം എന്നിവയെ ക്കൊണ്ട് ക്രിസ്തുവിന്റെ രക്ഷണ്യ സുവിശേഷ ത്തിന് മോടി കൂട്ടുകയാണ്. മനുഷ്യഹൃദയത്തിനും മനസാക്ഷിക്കും ആത്മാവിനും ആവശ്യമായ ആത്മീകാലോചനകൾ കൊടുക്കുന്നതിന് പകരം മനുഷ്യ മനസ്സിന്റെ ബൗദ്ധീക താല്പര്യങ്ങൾക്ക് വളമിടുകയാണ്. ദൈവവചനമാകുന്ന മായമില്ലാത്ത പാൽ ദൈവകൃപയുടെയും ക്രിസ്തുവിന്റെ നിസ്തു ല്യ കൃപയുടെയും സുവിശേഷം എന്നിവയെ നിസ്സാരവൽക്കരിക്കരുത്. അന്ന് യിസ്രായേൽ മന്നയെ നിന്ദിക്കുകയും നിസ്സാരമെന്ന് തള്ളിക്കള കയും ചെയ്തതുപോലെ തങ്ങളുടെ ആത്മീക വയലുകളിൽ ഒരിക്കലും കൂട്ടുവിത്തിന് സ്ഥാനമില്ല എന്ന് ദൃഢനിശ്ചയമുള്ളവരായിരിക്കട്ടെ. ക്രിസ്തു വിന്റെ ഓരോ വേലക്കാരും സുവിശേഷത്തിന്റെ പഥ്യോപദേശത്തിനുള്ളിൽ നിന്നുകൊണ്ട് സത്യവ ചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടുമാ യിരിക്കട്ടെ തന്റെ വേല. ഓരോരുവന്റെയും വേലയും എവ്വിധമെന്ന് അറിയേണ്ടതിന് പരിശോ ധിക്കുംനാളിൽ ലജ്ജിക്കുവാനിടവരാതെ മുഴു പ്രതി ഫലം പ്രാപിക്കേണ്ടതിന് "സത്യവചനത്തെ ശരി യായി വിഭാഗിച്ചു കൊടുക്കട്ടെ. വചന വിരുദ്ധമായ പഠിപ്പിക്കലുകൾ അത് ആരാധനയോടനുബന്ധിച്ചാ യാലും ആഭരണധാരണമോ ഇന്ത്യയിലെ വേർ പാടു സഭകൾക്ക് ഒരു കോൺഫെഡറേഷൻ (ന മുക്കും ഒരു രാജാവിനെ വേണം)എന്ന വിഷയമാ യാലും ദൈവവചനം എന്തു പറയുന്നു എന്നതാ യിരിക്കട്ടെ നമ്മുടെ അവസാന വാക്ക്. അല്ലാതെ യുള്ള പഠിപ്പിക്കലുകൾക്ക് നമുക്ക് ചെവി കൊടു ക്കാതെയിരിക്കാം.

മനുഷ്യ നന്മയ്ക്കുതകുന്ന ജ്ഞാനവർദ്ധനവി നെപ്പറ്റിയും ചിലത് ഓർപ്പിക്കട്ടെ. അതതിന്റെ സ്ഥാനത്ത് ആ അറിവുകൾ തീർച്ചയായും വില യുള്ളതു തന്നെയാണ്. ശാസ്ത്രീയ സത്യങ്ങളും ശരിയായ ചിന്താഗതിയിൽ അടിസ്ഥാനപ്പെട്ടുള്ള തത്വജ്ഞാനങ്ങളും വിശുദ്ധ വേദസത്യങ്ങളെ വെളിപ്പെടുത്തുന്നതിന് സാധിക്കും. "പരിണാമസൃ ഷ്ടിവാദം ഒരു പുഃനപരിശോധന" എന്ന ലേഖന പരമ്പര ആത്മപ്രകാശിനിയിൽ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നത് ഈ കാര്യത്തിന് മതിയായ തെളിവാണല്ലോ. ചരിത്രപരവും പ്രാകൃതീയവുമാ യതിനെ നമ്മുടെ കർത്താവു താൻ തന്നെയും തന്റെ വിശുദ്ധ അപ്പൊസ്തലന്മാരും തങ്ങളുടെ പരസ്യശുശ്രൂഷാ വേളകളിൽ ഉപയോഗിച്ചിരുന്നു എന്നു നാം കാണുന്നു. ക്രിസ്ത്യാനികളാണ്, കർത്താവിന്റെ വേലക്കാരാണ് തങ്ങൾ എന്ന് നാഴി കയ്ക്ക് നാല്പതു വട്ടം പറയുകയും സ്വയം

# മാളികമുറി പ്രഭാഷണം - 19

ഡോ. ഒ.എം. ശാമുവേൽ

പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ആഴമായ ഉപദേശത്തിനുശേഷം യേശുക്രിസ്തു അവരോട് ഒരു വസ്തുത പ്രസ്താവിക്കുന്നത് ശ്രദ്ധിക്കുക. കുറഞ്ഞോന്നു കഴിഞ്ഞിട്ട് നിങ്ങൾ എന്നെ കാണുകയില്ല. പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ട് നിങ്ങൾ എന്നെ കാണും. 7 പ്രാവശ്യം ഈ പദം ആവർത്തിച്ചു വരുന്നുണ്ട്. ഈ സംസാരത്തിന്റെ പൂർണ്ണമായ ആശയം അവർക്കു ഗ്രഹിക്കാൻ സാധിച്ചില്ല. യേശുക്രിസ്തു ക്രൂശിൽ മരിക്കാൻ പോകുന്നതും അതു കഴിഞ്ഞുള്ള സംസ്കാരം, ഉയിർത്തെഴുന്നേൽപ്പ് എന്നീ സംഭവങ്ങൾ ഒരുമിച്ച് ചേർത്ത് കുറഞ്ഞോന്നു കഴിഞ്ഞ് സംഭവിക്കുന്ന കാര്യങ്ങളാണ് ഇവയെന്നായിരുന്നു ഉദ്ദേശിച്ചത്. ക്രൂശു മരണത്തിനും പുനരുത്ഥാനത്തിനും ഇടയ്ക്കുള്ള സമയത്തിനാണ് കുറഞ്ഞോന്നു എന്നു പറയുന്നത്. വീണ്ടും കർത്താവ് അവരോട് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക. "നിങ്ങൾ കരഞ്ഞു വിലപിക്കും. ലോകമോ സന്തോഷിക്കും." ക്രൂശു മരണത്തിൽ ഇതല്ലെ സംഭവിച്ചത്. ഒരു വലിയ ജനസമൂഹവും അവനെചൊല്ലി വിലപിച്ച് മുറയിടുന്ന അനേകം സ്ത്രീകളും അവന്റെ പിന്നാലെ ചെന്നു. യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞിട്ട് പത്രൊസ് പുറത്തുപോയി പൊട്ടിക്കരഞ്ഞു. എന്നാൽ ലോകത്തിന്റെ പ്രതികരണം എന്തായിരുന്നു. ലോകം സന്തോഷിച്ചു. നസ്രായനായ യേശുവിന്റെ കഥ കഴിഞ്ഞു എന്ന് അവർ കരുതി.

യേശുക്രിസ്തുവിന്റെ ശവസംസ്കാരവും പ്രധാനപ്പെട്ട വസ്തുതയായിരുന്നു. അരിമഥ്യയിലെ യോസേഫും നിക്കോദേമൊസും യേശുവിന്റെ ശരീരം മാന്യമായ രീതിയിൽ സംസ്കരിക്കുന്നു. അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടെയായിരുന്നു എന്ന പ്രവചനസൂക്തം എത്രയോ അർത്ഥവത്തായിരിക്കുന്നു. നിക്കോദേമൊസ് 100 റാത്തൽ സുഗന്ധവർഗ്ഗം ഇട്ട് യേശുക്രിസ്തുവിന്റെ ശരീരം ശീലകൾ പൊതിഞ്ഞ് ആരെയും വെച്ചിട്ടില്ലാത്ത പുതിയ കല്ലറയിൽ തന്നെ സംസ്ക്കരിച്ചു. മനുഷ്യാവതാരത്തിൽ ഒരു കന്യകയുടെ ഗർഭഗൃഹത്തിൽ സ്ഥാനം ലഭിച്ചവന്ന് സംസ്ക്കാരസമയത്തും ആരെയും അടക്കാത്ത പുതിയ കല്ലറ തന്നെ ലഭിച്ചു. ഒരു നീചനായ കുറ്റക്കാരനെപ്പോലെ ക്രൂശിൽ മരിക്കേണ്ടി വന്നു എങ്കിലും രാജകീയമായ സംസ്ക്കാരമായിരുന്നു കർത്താവിന് ലഭിച്ചത്. കുറഞ്ഞോന്നു കഴിഞ്ഞ് നിങ്ങൾ എന്നെ കാണുകയില്ല. യോന മത്സ്യത്തിന്റെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ യേശുക്രസ്തുവും കുറഞ്ഞോന്നു ആരും കാണാതിരുന്നു. എന്നാൽ കല്ലറയ്ക്കു അവനെ പിടിച്ചു വെയ്ക്കുക സാധ്യമായിരുന്നില്ല. കുറഞ്ഞോന്നു കഴിഞ്ഞ് നിങ്ങൾ എന്നെ കാണും. മരണത്തിന്റെ മേൽ ജയോത്സവം കൊണ്ടാടിയ കർത്താവ് കുറഞ്ഞോന്നു കഴിഞ്ഞു ശിഷ്യന്മാർക്ക് പ്രത്യക്ഷമായി. അവരുടെ ദുഃഖം സന്തോഷമായി മാറി. സ്ത്രീയുടെ പ്രസവസമയത്ത് സംഭവിക്കുന്നതും ഇതു തന്നെ. വേദനയുടെ അനുഭവം, കണ്ണൂനീരിന്റെ അനുഭവം എത്ര പെട്ടെന്നാണ് ആനന്ദത്തിന്റെ സന്ദർഭമായി മാറുന്നത്.

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷം പല സന്ദർഭങ്ങളിലായി പലർക്കും പ്രത്യക്ഷനായി. കുറഞ്ഞത് 10 പ്രാവശ്യം വിവിധ സന്ദർഭങ്ങളിലായി പ്രത്യക്ഷപ്പെടുന്നുണ്ട്.

ആദ്യത്തെ പ്രത്യക്ഷത മഗ്ദലക്കാരത്തി മറിയയ്ക്കായിരുന്നു (യോഹ. 20:11-18). പുനരുത്ഥാനദിവസം രാവിലെ യേശുവിനെ അടക്കം

---

അങ്ങനെ സംബോധന ചെയ്യുകയും ചെയ്യുന്നവർ തങ്ങളുടെ ദൈനംദിന ജീവിതത്തിൽ എല്ലാവരും കാണുകയും വായിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ നിർമ്മല പത്രങ്ങളാണ് തങ്ങൾ എന്ന അവബോധത്തിൽ ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരായി പട ചേർത്തവനെ പ്രസാദിപ്പിക്കുന്നവരായി ഈ വലിയ വേലയ്ക്കും ചുമൽ കൊടുക്കുന്നവരായി കാണപ്പെടുവാൻ ദൈവമായ കർത്താവ് ഏവരേയും സഹായിക്കട്ടെ. ഈ വലിയ പ്രവർത്തകരെപ്പറ്റി "അവർ ആകാശത്തിലെ പ്രഭ പോലെയും പലരേയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളേപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും" (ദാനീ. 12:3) എന്നും പറഞ്ഞിരിക്കുന്നു. അവർ കണ്ണുനീരോടുകൂടി ദൈവവചനമാകുന്ന വിത്ത് വിതച്ചതിന്റെ ഫലമായി സീയോനിലേക്കുള്ള അവരുടെ പ്രത്യാഗമനത്തിൽ കറ്റകളായി ഞങ്ങൾ നേടിയ ആത്മാക്കളെ കൊണ്ടുവരുന്നവരായിരിക്കും. "കണ്ണുനീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും" ഈ മഹാ സേവനം ഇന്നുള്ള സഭാകാലയളവിൽ എല്ലാ ദൈവമക്കളും നിർവ്വഹിക്കേണ്ടതാണ്. "നന്മ ചെയ്കയിൽ നാം മടുത്തുപോകരുത്, തളർന്നുപോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും" (ഗലാ 6:9) എന്നുള്ള അപ്പൊസ്തലന്റെ പ്രബോധനം നമ്മുടെ കർത്തവ്യത്തേയും പ്രത്യാശയേയും ഉത്തേജിപ്പിക്കട്ടെ. ●

ചെയ്ത കല്ലറയിൽ അവൾ നിരാശയോടു കൂടി കരഞ്ഞും കൊണ്ട് നിന്നു. അപ്പോൾ കർത്താവ് അവൾക്ക് പ്രത്യക്ഷനായി അവളുടെ കരച്ചിലിന്റെ കാരണം അന്വേഷിച്ചു. അവൾക്ക് യേശുവാണെന്നു മനസ്സിലായില്ല. തോട്ടക്കാരൻ ആണെന്നു വിചാരിച്ചു അയാളോട് അവനെ നിങ്ങൾ എവിടെ വെച്ചിരിക്കുന്നു. ഞാൻ അവനെ എടുത്തുകൊണ്ട് പൊയ്ക്കോളാം എന്നു അവൾ പറഞ്ഞു. അപ്പോൾ കർത്താവ് അവളെ മറിയയേ എന്നു വിളിച്ചു. അപ്പോൾ അവൾക്കു മനസ്സിലായി റബ്ബൂനിയെന്നു പറഞ്ഞു. ആടുകൾ ഇടയന്റെ ശബ്ദം അറിയും എന്നുള്ളത് എത്ര വാസ്തവം. ഇവിടെ കരയുന്ന മറിയയ്ക്കു ആശ്വാസം നൽകുന്ന കർത്താവിനെ കാണാം.

അടുത്തത് എമ്മവൂസിലേക്ക് പോയ രണ്ട് ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്ന രംഗമാണ്. ആ രണ്ടു ശിഷ്യന്മാരും യേശുക്രിസ്തു രാജ്യം സ്ഥാപിക്കും എന്ന പ്രതീക്ഷയിലായിരുന്നു യേശുവിനെ അനുഗമിച്ചത്. യേശുക്രിസ്തു ക്രൂശിൽ മരിക്കയും ശവസംസ്ക്കാരം കഴികയും ചെയ്തതോടു കൂടി അവരുടെ പ്രതീക്ഷകളും അസ്തമിച്ചു. അങ്ങനെ പല കാര്യങ്ങളെക്കുറിച്ചും തർക്കിച്ചു കൊണ്ട് വഴി പോകുമ്പോൾ കർത്താവ് പ്രത്യക്ഷപ്പെടുന്നു. മോശെയുടെ എഴുത്തുകളിൽ പ്രവചന ഭാഗങ്ങളിൽ പല കാര്യങ്ങൾ ഉദ്ധരിച്ചു കൊണ്ട് യേശുക്രിസ്തുവിനെക്കുറിച്ച് അവരോട് ഹൃദ്യമായി സംസാരിച്ചു. യേശുക്രിസ്തുവിന്റെ വാക്കുകൾ അവരുടെ ഹൃദയത്തെ ചലിപ്പിച്ചു ആത്മാവിന്റെ തീ ആളിക്കത്താൻ തുടങ്ങി. അവർക്കു നഷ്ടപ്പെട്ടു പോയ പ്രത്യാശയും സന്തോഷവും തിരികെ ലഭിച്ചു ആനന്ദം തുടികൊട്ടുന്ന ഹൃദയവുമായി അവർ യെരുശലേമിലെ മാളികമുറിയിലേക്കു മടങ്ങി പോയി. ജീവിതത്തിന്റെ വഴിത്താരയിൽ ആശ്വാസം നൽകുന്ന സന്തോഷം നൽകുന്ന കർത്താവായി യേശുക്രിസ്തു പ്രത്യക്ഷപ്പെട്ടു.

മൂന്നാമത് പുനരുത്ഥാനദിവസം വൈകിട്ട് മാളികമുറിയിൽ കർത്താവ് പ്രത്യക്ഷപ്പെടുന്നു (ലൂക്കൊസ് 24:36-49; യോഹ. 20:19-23). ഇവിടെ ശിഷ്യന്മാർ യെഹൂദന്മാരെ ഭയപ്പെട്ട് വാതിൽ അടച്ച് ഭയവിഹ്വലരായി കഴിയുന്ന സന്ദർഭത്തിൽ യേശു നടുവിൽ നിന്നുകൊണ്ട് നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞു. കർത്താവ് തന്റെ കരങ്ങളും വിലാപ്പുറവും അവരെ കാണിച്ചു. ക്രൂശിതനായ ക്രിസ്തു തന്നെ. സംശയമില്ല. കർത്താവിനെ കണ്ടപ്പോൾ ശിഷ്യന്മാർ സന്തോഷിച്ചു. ഈ പ്രത്യക്ഷത തന്നെയല്ലെ നമ്മുടെ കൂടി വരവുകളിലും നമുക്കു അനുഭവപ്പെടുന്നത്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടുന്ന സ്ഥാനങ്ങളിൽ യേശുക്രിസ്തുവിന്റെ മഹനീയ സാന്നിധ്യം ഇന്നും ഉണ്ട്. വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ കർത്താവ് വാഗ്ദത്തപ്രകാരം തന്റെ മക്കളുടെ കൂടി വരവുകളിൽ തന്റെ സാന്നിധ്യ ബോധം നൽകുന്നു.

നാലാമത് തിബെര്യാസ് കടൽക്കരയിലാണ്. പത്രൊസും കൂടെയുള്ളവരും മീൻ പിടിക്കാൻ പോകുന്നു. അവരുടെ പഴയ ജോലിയിലേക്ക് മടങ്ങിപ്പോകുന്നു. രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും പിടിക്കുവാൻ കഴിഞ്ഞില്ല. പത്രൊസ് യേശുക്രിസ്തുവിനെ തള്ളിപ്പറയുകയും പ്രാകുകയും ചെയ്തവനാണല്ലോ. ആ പത്രൊസിനെ പരസ്യമായി തന്നെ ചികിത്സിച്ചു സൗഖ്യമാക്കേണ്ടതുണ്ടായിരുന്നു. ഒരു നെരിപ്പോടിന്റെ അരികത്തുവെച്ചായിരുന്നല്ലോ യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞത്. കർത്താവ് കടൽക്കരയിൽ ഒരു നെരിപ്പോടുണ്ടാക്കി അതിന്റെ സമീപത്തെ ആത്മീയചൂടിൽ പത്രൊസിനെ യഥാസ്ഥാനപ്പെടുത്തുന്നു. പുനരുത്ഥാനം ചെയ്ത കർത്താവ് യഥാസ്ഥാനപ്പെടുത്തുന്നവനാണെന്നുള്ളത് ഈ രംഗത്തുനിന്നും തെളിയുന്നു.

അഞ്ചാമത്തെ പ്രത്യക്ഷത ഒലിവുമലയിൽ വെച്ചായിരുന്നല്ലോ (മത്തായി 28:16-20). സുവിശേഷീകരണത്തോടുള്ള ബന്ധത്തിലുള്ള യേശുക്രിസ്തുവിന്റെ അന്ത്യകല്പന: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു ലഭിച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട് എന്ന് അരുളിച്ചെയ്തു." **(തുടരും)**

## വിലാസമാറ്റം

സുവിശേഷകൻ വി.ജെ. തങ്കച്ചന്റെ പുതിയ വിലാസം V.J. Thankachan. Evg., Beatty House, H.No. 36-A/10, Todarmal marg, Civil Lines, Ajmer, Rajasthan-305001.

**കൈതപ്പറമ്പ്** ബെഥേൽ ബ്രദറൺ സഭയുടെ എഴുത്തുകൾ അയയ്ക്കേണ്ട വിലാസം പി.ഒ.തോമസ്, പുളിമൂട്ടിൽ, കൈതപ്പറമ്പ് പി.ഒ., ഏനാത്ത് - 691526 എന്ന് സഭയ്ക്കുവേണ്ടി വി.സി. ബെന്നി, പി.റ്റി. ജോസ് മോൻ.

# ജന്മദിവസം ആചരിക്കുകയോ?

ഗോഡ്‌ലി പി. എസ്സ്. ബഹ്റൈൻ

ഉപരിപഠനത്തോടനുബന്ധിച്ച് വിദൂരസ്ഥലങ്ങളിൽ വ്യത്യസ്ത ചുറ്റുപാടുകളിൽ വളർന്നു വന്ന കുട്ടികളോടൊപ്പം താമസിച്ച് പഠിക്കുകയോ, വിവിധ സംസ്കാരങ്ങളിൽനിന്നും കുടിയേറി പാർക്കുന്നവരുടെ മദ്ധ്യത്തിൽ താമസിക്കുകയോ ചെയ്യുന്ന ഒരു ദൈവപൈതലിന്റെ മനസ്സിൽ ഉയർന്നുവരുന്ന ഒരു ചോദ്യമാണ് ഈ ലേഖനത്തിന്റെ തലക്കെട്ട്. ജീവനുള്ളള ദൈവത്തിന്റെ മക്കളായവർക്ക് അവർ എവിടെ ആയിരുന്നാലും തങ്ങളുടെയൊ മക്കളുടെയൊ ജന്മദിനം ആചരിക്കാമോ?

ദൈവമക്കളുടെ സംശയങ്ങളും ചോദ്യങ്ങളും ദുരീകരിക്കുവാൻ ഉതകുന്ന ദൈവ വചനത്തെ തന്നെ നമുക്ക് ശരണപ്പെടാം. ദൈവവചനത്തിലെ മാതൃക നമുക്കേവർക്കും പിന്തുടരാം.

വിശുദ്ധ വേദപുസ്തകത്തിൽ ജന്മദിവസം ആചരിക്കുന്നതിനെക്കുറിച്ച് നിരവധി വസ്തുതകൾ രേഖപ്പെടുത്തുന്നില്ലെങ്കിലും ഈ വിഷയത്തോടനുബന്ധിച്ച് ഒരു വിശ്വാസി സ്വീകരിക്കേണ്ട നിലപാട് വ്യക്തമാക്കുവാൻ സഹായിക്കുന്ന 2 സംഭവങ്ങൾ പരമാർശിച്ചിട്ടുണ്ട്. അവ ഒന്ന് പഴയ നിയമത്തിലും മറ്റൊന്ന് പുതിയനിയമത്തിലുമാണ്. പഴയനിയമത്തിലെ ഫറവോന്റെയും പുതിയ നിയമത്തിലെ ഹെരോദാവിന്റെയും പിറന്നാൾ.

**എ. പഴയനിയമത്തിലെ ജന്മദിനാചരണം**

പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരേയൊരു ജന്മദിനാചരണമാണിത്. ആ സംഭവം ഉല്പത്തി 40:20 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ കാണുന്ന ഫറവോന്റെ പിറന്നാളിനെ സംബന്ധിച്ചുള്ള ചില കുറിപ്പുകൾ ഈ ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്.

**ബി. പുതിയ നിയമത്തിലെ ജന്മദിനാചരണം**

പഴയനിയമത്തിനു തുല്യമായി പുതിയ നിയമത്തിലും ഒരേയൊരു വ്യക്തിയുടെ ജന്മദിനാചരണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംഭവം ഒരിക്കലെങ്കിലും അത് 2 ഭാഗങ്ങളിൽ കാണുവാൻ കഴിയും (മത്തായി 14:1-12; മർക്കൊസ് 6:14-29). ജനന ദിവസം (മത്തായി 14: 6), ജനനോത്സവം (മർക്കൊസ് 6:21) എന്നീ 2 പദങ്ങൾ ഇതിനോടനുബന്ധിച്ച് കാണാവുന്നതാണ്. ഇവിടെ ഹെരോദാവിന്റെ പിറന്നാളാഘോഷമാണ് കാണുന്നത്. ഈ 2 സംഭവത്തിലെയും അതി പ്രധാനമായ ചില സത്യങ്ങൾ രത്ന ചുരുക്കമായി കുറിക്കട്ടെ.

**സി. ബൈബിളിലെ ജന്മദിനാചരണം പഠിപ്പിക്കുന്ന ചില പാഠങ്ങൾ**

1. ജന്മദിവസാചരണം ആത്മീയതത്വത്തെയല്ല, ജഡികതത്വത്തെയാണ് കാണിക്കുന്നത്. ഫറവോൻ, ഹെരോദ് എന്നീ 2 രാജാക്കന്മാർ തങ്ങളുടെ പിറന്നാൾ ആഘോഷിക്കുമ്പോൾ ഫറവോന്റെ അതേസമയത്ത് തന്നെ ജീവിച്ചിരുന്ന ദൈവഭക്തനായ യോസേഫും ഹെരോദാവിന്റെ അതേസമയത്ത് തന്നെ ജീവിച്ചിരുന്ന ദൈവഭക്തനായ സ്നാപക യോഹന്നാനും ഇത്തരത്തിലുള്ള ഒരു ആചരണത്തിന്റെ പിന്നാലെ പോയതായി ബൈബിളിൽ രേഖയില്ല. ഫറവോന്റെ കാലത്തു ജീവിച്ചിരുന്ന ഭക്തനായ യോസേഫ് കാരാഗൃഹത്തിൽ കിടന്നപ്പോഴോ കൊട്ടാരത്തിൽ ഇരുന്നപ്പോഴോ ഇത് ആചരിച്ചതായി പറയുന്നില്ല. സ്നാപക യോഹന്നാൻ തന്റെ ജീവിതത്തിൽ ഒരിക്കലും ജന്മദിനം ആചരിച്ചതായി ബൈബിൾ പറയുന്നില്ല. പഴയ നിയമമാകട്ടെ, പുതിയ നിയമമാകട്ടെ, ഇത്തരത്തിലുള്ളള ആചാരങ്ങൾക്ക് ലവലേശവും പ്രാധാന്യം നൽകുന്നില്ല. ഇത് തികച്ചും ഒരു ജാതീയവും ജഡികവുമായ ആചാരമാണ്. ദൈവമക്കൾ ഇതിനു പിന്നാലെ പോകേണ്ടതില്ല.

2. ജഡിക ഉല്ലാസത്തിന്റെ നിമിഷങ്ങളാണിത്. ഉല്ലാസത്തിന്റെ അടയാളങ്ങളായ നൃത്തവും (മത്തായി 14:6), വിരുന്നും (ഉല്പത്തി 40:20) അവിടെ ഉണ്ടായിരുന്നു.

3. ദൈവജനത്തോടുള്ള ബന്ധത്തിൽ ഇതിന്റെ കലാശം ശോചനീയമാണ്. ഈ ദുരാചരത്തോടനുബന്ധിച്ച് ഭക്തനായ യോസേഫിന്റെ കാരാഗൃഹവാസം അവസാനിച്ചില്ല, വീണ്ടും 2 വർഷം കൂടെ കിടന്നുവെന്ന് തുടർന്നുള്ളള വാക്യങ്ങൾ വായിക്കുമ്പോൾ മനസ്സിലാക്കാം (ഉല്പത്തി 41:1). സ്നാപക യോഹന്നാന്റെ തല വെട്ടുകയല്ലാതെ മറ്റൊന്നും ഇതിനോടനുബന്ധിച്ച് ഉണ്ടായിട്ടില്ല (മത്തായി 14:9-11).

ഈ വാക്യങ്ങളെ ഉദ്ധരിക്കുമ്പോൾ തന്നെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ചില ചരിത്ര സംഭവങ്ങളോടൊപ്പം ഈ ആചാരവും ദൈവാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത് വിശ്വാസികളായ നമുക്കൊരു മാതൃകയ്ക്ക് മാത്രമായിട്ടാണ്. ഇതിനെക്കുറിച്ച് ബൈബിൾ ഒരു വിശദീകരണം കൊണ്ട് നമ്മെ ഉത്ബോധിപ്പിക്കുവാൻ ഒരിടത്തും തുനിയുന്നില്ല. അതിനു കാരണം അത് അത്രയ്ക്ക് അപ്രധാനമാണ്. ദൈവവചനം പ്രാധാന്യം കൊടുക്കാത്തതിനു നാം പ്രാധാന്യം കൊടുക്കേണമോ?

**ഡി. ജന്മദിനം നാം അറിഞ്ഞിരിക്കണം എന്നാൽ ആചരിക്കരുത്**

ദൈവ വചനത്തിൽ പ്രതിപാദിച്ചിരിക്കുന്ന മിക്ക ദൈവ ഭക്തന്മാരുടേയും വയസ്സുകൾ പറഞ്ഞിട്ടുണ്ട്. തത്ഫലമായി ദൈവ ഭക്തന്മാർ തങ്ങളുടെ ജനന ദിവസങ്ങൾ ഓർത്തിരുന്നിരിക്കണം. എന്നാൽ അത് അവർ ആചരിച്ചിരുന്നതായി വേദപുസ്തകത്തിൽ ഒരിടത്തും കാണുവാൻ സാധിക്കുന്നില്ല. ഒരുവൻ തന്റെ ജന്മദിവസം ഓർക്കു

ന്നതും ആചരിക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ദൈവജനം ഓർക്കുന്നത് ആചരിക്കുന്നതിനുവേണ്ടിയല്ല. തന്റെ വയസ്സ് നിർണ്ണയിക്കുവാൻ വേണ്ടി മാത്രം. ഇപ്രകാരം ഓർത്തിരുന്ന ഏതെങ്കിലും ദൈവ ഭക്തൻ ഒരിക്കലെങ്കിലും ആചരിച്ചിരുന്നെങ്കിൽ ദൈവവചനം അത് അവഗണിക്കുകയില്ലായിരുന്നു. എന്നാൽ ഇത്തരത്തിലൊരു സംഭവം വേദപുസ്തകത്തിൽ രേഖപ്പെടുത്താത്തതിനു കാരണം അത്തരമൊരു അനുഭവം അവർക്കില്ലാതിരുന്നതുകൊണ്ടു മാത്രമാണ്. ഒരുവൻ തന്റെ ജന്മദിവസം ഓർക്കുന്നതും ആചരിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട് എന്നുള്ളതിനു മറ്റൊരു ഉദാഹരണം കൂടെ പറയട്ടെ. അത് ഒരു ജന്മദിവസത്തിലെ പതിവു കാഴ്ചകളാണ്. ഒരു വ്യക്തിയെ പുകഴ്ത്തുന്നു, ഉയർത്തി പറയുന്നു, സ്തുതിക്കുന്നു, സമ്മാനങ്ങൾ നൽകി ആദരിക്കുന്നു, എന്നിത്യാദി സംഭവങ്ങൾ. ഇവയൊക്കെയും ഒരു വ്യക്തിയൊട് ബന്ധപ്പെട്ട് ആചരിക്കുന്നവയാണ്. എന്നാൽ ഒരുവൻ തന്റെ ജനനദിവസം ഓർത്തെന്നുവന്നേക്കാം. എന്നാൽ ജാതീയമായ രീതികൾക്ക് ഒത്തവണ്ണം നാം അവയ്ക്ക് വേണ്ടി ഒരു ഉത്സവം തയ്യാറാക്കുകയോ സമ്മാനങ്ങൾ നൽകി പുകഴ്ത്തി ആ വ്യക്തിയുടെ സ്വയത്തെ ഉയർത്തേണ്ട ആവശ്യമോ അതിനൊരു വേദിയോ ഉണ്ടാക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ആചരിക്കുന്നതും ഓർക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഒരു കാലത്ത് വേർപാട് മുറുകെ പിടിച്ചിരുന്ന നാം ഇന്ന് വേർപാടിനൊന്നും പ്രാധാന്യം കൊടുക്കുന്നില്ല എന്നു വാചാലരാകയും നമ്മുടെ കൂടെ ഇവയൊക്കെയും പേറുകയും ചെയ്യുന്നു. അതിന്റെ ഫലമോ, ജാതീയതയുടെ കടന്നാക്രമണത്താൽ ഭാവി തലമുറ സത്യാസത്യങ്ങൾ വിവേചിക്കുവാൻ കഴിയാതെ നിത്യനാശത്തിലേക്ക് വീഴുക തന്നെ ചെയ്യും എന്നതാണ്. അതുകൊണ്ട്, ഇന്ന് മാതാപിതാക്കൾ ജാഗ്രതയോടിരുന്നാൽ നാളത്തെ തലമുറയെ നമുക്ക് രക്ഷിക്കുവാൻ സാധിക്കും. പ്രിയരേ, നമ്മുടെ ജന്മ ദിവസം അറിഞ്ഞിരിക്കേണം, അവയെ ആചരിക്കരുത്.

**ഇ. ജന്മദിനാചരണം ദൈവത്തിന് നന്ദി കരേറ്റുവാനുള്ള സന്ദർഭമോ?**

ചില കാലങ്ങൾക്കു മുൻപ് ഈ വിഷയത്തെ കുറിച്ച് നടന്ന ഒരു സ്നേഹ സംവാദത്തിൽ ജന്മദിനാചരണം ആകാമെന്ന് അനുമാനിക്കുന്നവർ അവകാശപ്പെട്ട ഒരു വാദമാണിത് -'ജന്മദിനാചരണം ദൈവത്തിന് നന്ദികരേറ്റുവാനുള്ള സന്ദർഭമാക്കികൂടേ?' അതിന് ഉപോദ്ബലകമായി ഒരു വാക്യവും കൂടെ ഉദ്ധരിച്ചു. 'ആകയാൽ നിങ്ങൾ എന്തു തിന്നാലും കുടിച്ചാലും ദൈവനാമമഹത്വത്തിനു ചെയ്‌വിൻ' (1 കൊരി. 10:31). അദ്ദേഹത്തിന്റെ അവകാശവാദവും വാക്യവും ഒന്നടങ്കം കേൾവിക്കാരന്റെ ശ്രവണപടത്തിൽ ശക്തിയായി നിസ്സംശയം പതിഞ്ഞാൽ ഓർത്തു പോകും, ശരിയല്ലെ എന്ന്. എന്നാൽ ഇത് ശരിയല്ല എന്ന് തന്നെ പറയേണ്ടിയിരിക്കുന്നു. ദൈവവചനത്തിലെ വളരെ പ്രാധാന്യം കൊടുക്കേണ്ടുന്ന വാക്യങ്ങളിൽ ഒന്നു തന്നെയാണിത്. ഈ വാക്യത്തെയൊന്ന് വിശകലനം ചെയ്താൽ വലിയവനായ ദൈവത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ളതാണെന്ന സത്യം നമുക്ക് മനസ്സിലാക്കാം. സകലത്തിലും ദൈവത്തിന് മഹത്വം കൊടുക്കണം. യഥാർത്ഥത്തിൽ ഒരു ജന്മദിനാചരണം മുഖേന ദൈവത്തിനാണോ നാം മഹത്വം കൊടുക്കുന്നത്? അവിടെ ദൈവത്തെ കേന്ദ്രീകരിച്ചുകൊണ്ടല്ല, മനുഷ്യനെ, ഒരു വ്യക്തിയെ കേന്ദ്രീകരിച്ചുകൊണ്ടാണ് ആഘോഷം നടക്കുന്നത്. ദൈവത്തിനു നൽകേണ്ടുന്ന ആദരവും ബഹുമാനവും പുകഴ്ചയും, സമ്മാന അർപ്പണവും എല്ലാം ജന്മദിനത്തിനു ഒരു വ്യക്തിക്കു നൽകുന്നു. ദൈവത്തിനു നൽകേണ്ടുന്നത് നാം ഉപയോഗിച്ചിട്ട് ദൈവനാമ മഹത്വത്തിനു എന്നു പറയുന്നത് ദൈവത്തെ കളിയാക്കലല്ലേ? ദൈവത്തിനു കൊടുക്കേണ്ടത് ദൈവത്തിനു കൊടുക്കാതിരിക്കുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. മഹത്വം എപ്പോഴും ദൈവത്തിന്റെ അവകാശമാണ്. ആ മഹത്വം നാം സ്വീകരിക്കുന്നത് ദൈവഹിതമല്ല. മനുഷ്യനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ബോണസ്സ് നന്ദി ദൈവത്തിന് നൽകുന്നത് നമ്മുടെ നാശത്തിനേ കാരണമാകൂ. യോഹ. 5:44 പറയുന്നത്, 'തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏക ദൈവത്തിന്റെ പക്കൽ . . .'

**എഫ്. എന്തുകൊണ്ട് ജന്മദിനാചരണം പാടില്ല?**

1. ദൈവവചനത്തിൽ യാതൊരു ദൈവ പൈതലിന്റേയും ജന്മദിനം ആചരിച്ചതായി രേഖയില്ല.
2. നാം തമ്മിൽ തമ്മിൽ ആരാധിച്ച്, മഹത്വപ്പെടുത്തി കഴിയണമെന്നല്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. നമ്മെ കരുതുന്നവനും പരിപാലിക്കുന്നവനും ആയുസ്സ് നൽകുന്നവനുമായ സർവ്വശക്തനായ ദൈവത്തെ മാത്രം ആരാധിച്ചു ആ ദൈവത്തിനു മഹത്വം നൽകി കഴിയെണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.
3. ഒരു ബർത്ത്ഡേ പാർട്ടി ഒരു വ്യക്തിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണ്. തന്നിൽ എല്ലാവരുടേയും ശ്രദ്ധ കേന്ദ്രീകരിക്കുന്നു; താൻ പുകഴ്ച സ്വീകരിക്കുന്നു, ആദരവ് സ്വീകരിക്കുന്നു, സമ്മാനങ്ങൾ സ്വീകരിക്കുന്നു. ഒരു വ്യക്തിയുടെ സ്വയത്തെ ഊതിവീർപ്പിക്കുന്നതാണിത്. ഇത്തരത്തിലുള്ള ദുരാചരങ്ങളിൽ നിന്നും നീങ്ങിനിൽക്കുവാൻ നമുക്ക് ശ്രദ്ധിക്കാം. ദൈവം അതിനായി നമ്മെ സഹായിക്കുമാറാകട്ടെ. ●

# യിസ്ഹാക്കിന്റെ ജീവിതത്തിൽനിന്നും ചില പാഠങ്ങൾ

കെ. കമലം മല്ലശ്ശേരി

*"ആ ദിവസം തന്നെ യിസ്ഹാക്കിന്റെ ദാസന്മാർ വന്നു തങ്ങൾ കുഴിച്ച കിണറിന്റെ വസ്തുത അവനെ അറിയിച്ചു. ഞങ്ങൾ, വെള്ളം കണ്ടു എന്നു പറഞ്ഞു. അവൻ അതിന് ശിബാ എന്ന് പേരിട്ടു; അതുകൊണ്ടു ആ പട്ടണത്തിന് ഇന്നുവരെ ബേർ-ശേബാ എന്നു പേർ"* (ഉല്പത്തി 26:32.33).

ഉല്പത്തി 26-ാം അദ്ധ്യായത്തിൽ യിസ്ഹാക്ക് ഫെലിസ്ത്യയിലെ പരദേശവാസത്തിനു ശേഷം ബേർ-ശേബയിൽ മടങ്ങി വരുന്നതായി നാം വായിക്കുന്നു. ഫെലിസ്ത്യർ യിസ്ഹാക്കിന്റെ പിതാവായ അബ്രാഹാം കുഴിപ്പിച്ച കിണറുകളെല്ലാം മണ്ണിട്ടു നികത്തിയിരുന്നു. അങ്ങനെ നികത്തിയിരുന്ന കിണറുകൾ യിസ്ഹാക്ക് പിന്നെയും കുഴിക്കുകയുണ്ടായി. എന്നാൽ ഈ കുഴിച്ച കിണറുകൾ പലതും ദേശക്കാർ വന്ന് കൈവശമാക്കുകയാണുണ്ടായത്. എന്നാൽ ഈ സാഹചര്യത്തിലും പ്രതികരിക്കാതെ താൻ കിണറുകൾ കുഴിച്ചു കൊണ്ടേയിരുന്നു.

യിസ്ഹാക്കിനെ നമുക്ക് ഒരു സാധാരണ വിശ്വാസി എന്ന് വേണമെങ്കിൽ പറയാം. ഒരു അസാധാരണ മനുഷ്യന്റെ പുത്രൻ; മാത്രമല്ല, ഒരു സാധാരണ പുത്രന്റെ പിതാവ്: അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ്. യിസ്ഹാക്കിനെക്കുറിച്ച് ഉല്പത്തി 26:10-ൽ രേഖപ്പെടുത്തിയിട്ടുള്ള ചില വസ്തുതകളെക്കുറിച്ച ചിന്തിക്കാം. ഈ അദ്ധ്യായത്തിന്റെ ആദ്യപകുതിയിൽ യിസ്ഹാക് ഫെലിസ്ത്യരുടെ അധികാര പരിധിയിൽപെട്ട ഗെരാരിൽ കുടുംബമായി പോകുകയാണ്. എന്നാൽ ദൈവവുമായി ഒരു ആലോചനയും നടത്താതെയുള്ള യാത്രയായിരുന്നു അത്. നേരത്തെ ആലോചിച്ചിരുന്നെങ്കിൽ ഈ യാത്ര ഒഴിവാക്കാമെന്നു മാത്രമല്ല, കരുണാമയനായ ദൈവം ക്ഷാമം തീർക്കാൻ സത്വര നടപടികൾ എടുക്കുവാൻ സാധ്യതയുണ്ടാകുമായിരുന്നു. എന്നിട്ടും ദൈവം അവനെ കരുതി; താൽക്കാലികമായി ഫെലിസ്ത്യരോടു കൂടെ താമസിച്ചു കൊള്ളുവാൻ അനുവാദവും നൽകി. അതുമാത്രവുമല്ല, ദൈവം അബ്രാഹാമിനൊടു ചെയ്ത ഉടമ്പടിയെ കുറിച്ച് യിസ്ഹാക്കിന് ഒരു ബോധവൽകരണം കൂടി നടത്തുകയുണ്ടായി. സഹോദരിമാരേ, നമ്മുടെ ഏത് അവസ്ഥയിലും നമ്മോട് ഇടപെടുന്ന ദൈവത്തിൽ ആശ്രയിച്ച് നമുക്ക് ജീവിക്കാം.

ദൈവം അബ്രാഹാമിന് അനേക വാഗ്ദത്തങ്ങൾ നൽകിയിരുന്നു (ഉല്പത്തി 12). ആത്മീയവും ഭൗമികവുമായ എല്ലാ സാഹചര്യങ്ങളുമുണ്ട്. എന്നാൽ സാധാരണ വിശ്വാസിയായ യിസ്ഹാക്ക് ക്ഷാമകാലം വന്നപ്പോൾ ഇക്കര്യങ്ങൾ വിസ്മരിച്ചു സ്വയമായി തീരുമാനം എടുത്തു. ഫെലിസ്ത്യദേശത്ത് തനിക്ക് ഭാര്യയോടുള്ള ബന്ധത്തിൽ കളവു പറയേണ്ടതായി വന്നു. ഭാര്യയെ അപകടത്തിലാക്കി സ്വയം രക്ഷ നേടുവാനുള്ള ശ്രമത്തിൽ പരാജയപ്പെട്ടു (ഉല്പത്തി 26:7-10). അങ്ങനെ രണ്ടാം പ്രാവശ്യവും സ്വയത്തിൽ വിധേയപ്പെട്ടു തീരുമാനങ്ങൾ എടുത്തു. എന്നാൽ കരുണാമയനായ ദൈവം അവനെ കൈവിട്ടില്ല. എപ്പോഴും സ്നേഹിക്കുന്ന കരുണാമയനായ സർവ്വശക്തൻ യിസ്ഹാക്കിനോടു ദയകാണിച്ചു; ആ ദുരന്തത്തിൽ നിന്നും റിബെക്കായെ രക്ഷിച്ചു. (ഉല്പത്തി 26:11). സഹോദരിമാരേ, നമ്മുടെ ഏത് അവസ്ഥയിലും നമ്മെ സംരക്ഷിക്കുന്ന ദൈവത്തിൽ ആശ്രയിച്ച് അനുതാപമുള്ളവരായി നമുക്ക് ജീവിക്കാം.

യിസ്ഹാക് ഫെലിസ്ത്യ ദേശത്തിലെ വാസത്തിനിടയ്ക്ക് വലിയ ധനികനായി. ധാരാളം സമ്പത്തുണ്ടായപ്പോൾ ഫെലിസ്ത്യർക്ക് അത് ഭയഹേതുവായി; അവരുടെ അഭ്യർത്ഥന അനുസരിച്ച് തനിക്ക് അവിടെ നിന്നും യാത്ര തിരിക്കേണ്ടി വന്നു. പിന്നീട് യിസ്ഹാക്ക് ബേർ-ശേബയിൽ എത്തിച്ചേർന്നു. ബേർ-ശേബയിൽ തിരിച്ചെത്തിയ ശേഷം ദൈവം യിസ്ഹാക്കിനെ സന്ദർശിച്ചു. കാരണം ദൈവം ആഗ്രഹിച്ചത് യിസ്ഹാക് ബേർ-ശേബയിൽ ആയിരിക്കണം എന്നുള്ളതാണ്. ഫെലിസ്ത്യരുമായുള്ള സമ്പർക്കം യഹോവയ്ക്ക് അത്ര അഭികാമ്യമല്ലായിരുന്നു. അവരുടെ സംസ്കാരവും ആചാരങ്ങളും അബ്രാഹാമിന്റെ വാഗ്ദത്തസന്തതിക്ക് ചേരുന്നതല്ലായിരുന്നു. ഫെലിസ്ത്യരുടെ അധികാര പരിധിയിൽപെട്ട ഗെരാരിൽ കുടുംബമായി ആയിരുന്ന നാളുകളിൽ യിസ്ഹാക്ക് യാഗപീഠം പണിയുകയോ യാഗം അർപ്പിക്കുകയോ ചെയ്തതായി നാം വായിക്കുന്നില്ല. എന്നാൽ ബേർ-ശേബയിൽ അവനതു സാധ്യമായി. സഹോദരിമാരേ, ലോകത്തിൽനിന്നും വേർപെട്ട് ദൈവത്തെ ആരാധിക്കുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. വേർപെടേണ്ടവയിൽനിന്നും വേർപെടുന്നതിന് കർത്താവ് നമ്മെ ബലപ്പെടുത്തട്ടെ.

ഫെലിസ്ത്യർ കിണറുകൾ നികത്തുകയും, വെള്ളം അവകാശപ്പെടുകയും ചെയ്തപ്പോൾ യിസ്ഹാക്ക് ഒരു സാധാരണ മനുഷ്യനായി!

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.104-ഉത്തരം

**വിഷയം : യഹോവ നമ്മെക്കുറിച്ച് അറിയുന്നു**

**വായനഭാഗം** : ആവ. 31, 1 ദിന 28, സങ്കീ. 44, 139 (രണ്ട് ഉത്തരം) യിര. 17, പ്രവൃ.1

I. യഹോവ നമ്മുടെ നിരൂപണങ്ങൾ അറിയുന്നത് എന്ന്?

ഉത്തരം : ആവ. 31:21 ഇന്നു തന്നേ അവർക്കുള്ള നിരൂപണങ്ങളെ ഞാൻ (യഹോവ) അറിയുന്നു. ഒ.വാ. 1) എബ്രാ. 4:13 അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിന് നഗ്നവും മലർന്നതുമായി കിടക്കുന്നു. 2) ആമോ.4:13. . . .മനുഷ്യനോട് അവന്റെ നിരൂപണം അറിയിക്കുന്ന ദൈവം . . . . . .3) യോഹ. 2:25 മനുഷ്യനിലുള്ളത് എന്തെന്ന് യേശു **സ്വതേ** അറിഞ്ഞിരിക്കയാൽ. . . . തനിക്ക് യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമില്ല. ("സ്വതവേ" തെറ്റ്) 4) 1 രാജാ. 8:40 "നീ (യഹോവ) മാത്രമല്ലോ സകല മനുഷ്യപുത്രന്മാരുടെയും ഹൃദയത്തെ അറിയുന്നത്"- ശലോമോൻ. കൂടാതെ : 1 ദിന 28:9, സദൃ. 15:11, യിര. 1:5, 17:10, മർ. 2:8, റോമർ 8:27.

II. സകല ഹൃദയങ്ങളെയും അറിയുന്നത് ആർ?

ഉത്തരം പ്രവൃ. 1:24. സകല ഹൃദയങ്ങളെയും അറിയുന്നത് കർത്താവ്.

ഒ.വാ. 1) 1 ദിന 28:9 യഹോവ സർവ്വഹൃദയങ്ങളെയും പരിശോധിക്കുകയും വിചാരങ്ങളും നിരൂപണങ്ങളും എല്ലാം ഗ്രഹിക്കയും ചെയ്യുന്നു. 2) 2 ദിന. 6:31, നീ മാത്രമല്ലോ മനുഷ്യപുത്രന്മാരുടെ ഹൃദയങ്ങളെ അറിയുന്നത്. 3) യോഹ. 2:24 യേശുവോ എല്ലാവരെയും അറികകൊണ്ട് . . . . .4) യോഹ. 21:17 കർത്താവേ നീ സകലവും അറിയുന്നു. കൂടാതെ 1 ശമു. 16:7, യിര 11:20, സദൃ. 21:2, സദൃ. 17:3, 1 തെസ്സ. 2:4

III. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും ദൂരത്തുനിന്ന് ആര് അറിയുന്നു?

ഉത്തരം : സങ്കീ. 139:2 ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും ദൂരത്തുനിന്ന് യഹോവ അറിയുന്നു.

ഒ.വാ. 1) സദൃ. 5:21 മനുഷ്യന്റ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു. 2) 2 രാജാ 19:27 നിന്റെ ഇരിപ്പും ഗമനവും . . . . കോപവും ദൈവം അറിയുന്നു. 3) യിര. 16:17 എന്റെ ദൃഷ്ടി അവരുടെ എല്ലാ വഴികളിന്മേലും വെച്ചിരിക്കുന്നു. . . . അവരുടെ അകൃത്യം എന്റെ കണ്ണിനു മറഞ്ഞിരിക്കുന്നില്ല. 4) യിര. 32:19 നീ (യഹോവ) മനുഷ്യരുടെ എല്ലാ വഴികളിന്മേലും ദൃഷ്ടി വെച്ചിരിക്കുന്നു. കൂടാതെ: 1 യോഹ 3:20, ഇയ്യോ. 34:21, 2 ദിന. 6:31.

IV. "യഹോവേ! നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല". ആരുടെ സാക്ഷ്യം?

ഉത്തരം : സങ്കീ. 139:4 ദാവീദിന്റെ സാക്ഷ്യം

ഒ.വാ. 1) സങ്കീ. 139:7 ദാവീദ് പറയുന്നു, നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ എവിടേക്കു പോകും?
2) 1 രാജാ. 8:40 നീ മാത്രമല്ലോ സകല മനുഷ്യപുത്രന്മാരുടെയും ഹൃദയത്തെ അറിയുന്നത്.
3) സങ്കീ. 7:9. നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നു.
4) എബ്രാ. 4:12 ദൈവത്തിന്റെ വചനം . . . . . ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമാകുന്നു. കൂടാതെ : യിര.16:17, എബ്രാ. 4:13, സങ്കീ. 44:21.

V. യഹോവ ഏതെല്ലാം ഹൃദയങ്ങളെ പരിശോധിക്കുന്നു? എന്തെല്ലാം ഗ്രഹിക്കുന്നു?

ഉത്തരം : 1 ദിന 28:9, യഹോവ സർവ്വഹൃദയങ്ങളെയും പരിശോധിക്കയും വിചാരങ്ങളും നിരൂപണങ്ങളും എല്ലാം ഗ്രഹിക്കയും ചെയ്യുന്നു.

---

അവൻ പ്രതികരിച്ചില്ല. 26:16 ൽ *നീ ഞങ്ങളെക്കാൾ ബലവാനാകകൊണ്ട് ഞങ്ങളെ വിട്ടുപോക* എന്നു അവനോടുപറഞ്ഞു. അവൻ അതുപോലെ തന്നെ ചെയ്തു. നമ്മുടെ കർത്തവായ യേശുക്രിസ്തുവും അതുപോലെ തന്നെ ചെയ്തു. നമുക്കു വേണ്ടി നമ്മുടെ കർത്താവ് എല്ലാം സഹിച്ചു (1 പത്രൊസ് 2:23,24). പ്രിയ സഹോദരിമാരേ, യിസ്ഹാക്കിനെപ്പോലെ സൗമ്യതയുള്ളവരായി നമുക്ക് ജീവിക്കാം. വേദനകൾ നന്മയെന്നറിഞ്ഞ് സമാധാനിക്കുക, ദൈവത്തിൽ ആയിരിക്കുക. കൃപയോടു കൂടി കാത്തിരിക്കുക. ഒരു അനിഷ്ടവും കാണിക്കാതിരിക്കുക. നിന്ദ, പരിഹാസം, പീഡനങ്ങൾ എന്നിവ വരുമ്പോൾ യിസ്ഹാക്ക് പ്രതികരിക്കാതിരുന്നതു പോലെ ജീവിക്കുന്നവരാണ് യഥാർത്ഥ വിശ്വാസികൾ. അങ്ങനെ ജീവിക്കുവാൻ എല്ലാ സഹോദരിമാരെയും ദൈവം സഹായിക്കുമാറാകട്ടെ. ●

ഒ.വാ. 1) മത്താ. 22:18, യേശു കപട ഭക്തിക്കാരുടെ ദുഷ്ടത അറിഞ്ഞു. 2) യെശ. 66:18 യഹോവ സകല ജഡത്തിന്റയും സകലരുടെയും പ്രവൃത്തിയും വിചാരങ്ങളും അറിയുന്നു. 3) യിര 12:3, നീ എന്നെ കണ്ടു നിന്റെ സന്നിധിയിൽ എന്റെ ഹൃദയത്തെ ശോധന ചെയ്യുന്നു. 4) ദാനി 2:22 അവൻ ഇരുട്ടിൽ ഉള്ളത് അറിയുന്നു. കൂടാതെ സങ്കീ. 90:8, സഭാ. 12:14, ദാനി 2:28, 2:47. മത്താ. 6:4,6

VI. ഹൃദയത്തിലെ രഹസ്യങ്ങളെ അറിയുന്നത് ആര്?

ഉത്തരം : സങ്കീ. 44:21. യഹോവ ഹൃദയത്തിലെ രഹസ്യങ്ങളെ അറിയുന്നുവല്ലോ.)

ഒ.വാ. 1) മർ. 2:8 ശാസ്ത്രിമാർ ഉള്ളിൽ ചിന്തിക്കുന്നത് എന്തെന്ന് യേശു ഉടനെ മനസ്സിൽ ഗ്രഹിച്ചു. 2) റോമ. 8:27 ആത്മാവിന്റെ ചിന്ത ഇന്നത് എന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു. 3) 1 കൊരി. 4:5 അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും. 4) സങ്കീ. 17:3 നീ എന്റെ ഹൃദയത്തെ ശോധനചെയ്ത് രാത്രിയിൽ എന്നെ സന്ദർശിച്ചു. കൂടാതെ : ലൂ. 6:8; 16:15; യോഹ. 2:25; സദൃ. 5:21; മർക്കൊ. 2:8

VII. യഹോവയായ ദൈവം ഹൃദയത്തെ ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന്ന് എന്തു കൊടുക്കുന്നു?

ഉത്തരം : യിര. 17:10 യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന് അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു.

ഒ.വാ. 1) യിര 12;3 യഹോവേ നീ എന്നെ അറിയുന്നു. . . . നിന്റെ സന്നിധിയിൽ എന്റെ ഹൃദയം ശോധന ചെയ്യുന്നു. 2) യിര 32:19 . . . ഓരോരുത്തന്ന് അവനവന്റെ നടപ്പിന്നും പ്രവർത്തികളുടെ ഫലത്തിന്നും തക്കവണ്ണം കൊടുക്കേണ്ടതിന് നീ മനുഷ്യരുടെ എല്ലാ വഴികളിന്മേലും ദൃഷ്ടി വെയ്ക്കുന്നു. 3) യിര. 23:24 ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിപ്പാൻ കഴിയുമോ?. . . . ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്ന് യഹോവയുടെ അരുളപ്പാട്. 4) വെളി. 2:23 ഞാൻ ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ; നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്ക് ഏവർക്കും പകരം ചെയ്യും.
കൂടാതെ : എബ്രാ. 10.35, സങ്കീ. 18:20, സങ്കീ. 58:11, 1 കൊരി. 3:8, വെളി. 22:12

***ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമാകുന്നു. അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു. അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത്.*** (എബ്രാ. 4:12-13)

***തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ അത്രയ്ക്ക് സ്നേഹിച്ചു.*** (യോഹ. 3:16)

## ss _ _nÄ {] i \mhen \w. 104 þ Pbn¨ hcpsS amÀ ¡ p hnhcw

| | | |
|---|---|---|
| 1. | ഏലിയാമ്മ പൗലോസ്, തൃശൂർ | 210 |
| 2. | ജയിനമ്മ ശാമുവേൽ, തിരുവനന്തപുരം | 196 |
| 3. | ജസി കെ. പോൾ, ഒറീസ | 171 |
| 4. | ഏലിയാമ്മ തോമസ്, രാജകുമാരി | 170 |
| 5. | ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം | 148 |
| 6. | തങ്കമ്മ ഡാനിയേൽ, തൃശൂർ | 145 |
| 7. | ആലീസ് സാം, സീബ് | 143 |
| 8. | രത്നാ ജേക്കബ്, പുതുപ്പള്ളി | 142 |
| 9. | ചിന്നമ്മ ശാമുവേൽ, മുംബൈ | 140 |
| 10. | അമ്മിണി തോമസ്, പുല്ലാട് | 131 |
| 11. | മിസ്സിസ് കെ.വി. ജോൺ, തിരുവല്ല | 115 |
| 12. | സാറാമ്മ തോമസ്, കോട്ടയം | 113 |
| 13. | മേരി ജേക്കബ്, കല്ലിശ്ശേരി | 111 |
| 14. | അന്നമ്മ ചാക്കോ, മണ്ണാരത്തറ | 109 |
| 15. | ഒ.വി. ജോസഫ്, പുല്ലാട് | 104 |
| 16. | സിസ്സി ബിം, മീനങ്ങാടി | 99 |
| 17. | പി.റ്റി. ഫിലിപ്പ്,ബാംഗ്ളൂർ | 98 |
| 18. | ജയിനമ്മ പൗലൊസ്, പൂന | 98 |
| 19. | ഷിലു കുര്യൻ ജോസഫ്, മണ്ണാരത്തറ | 97 |
| 20. | ഫിലിപ്പോസ് ഏബ്രഹാം, ന്യൂയോർക്ക് | 96 |
| 21. | ഏലിയാമ്മ കോശി, ബാംഗ്ളൂർ | 96 |
| 22. | ജസി സാം, റാന്നി | 93 |
| 23. | (പേരും വിലാസവും അറിയിക്കണം) | 91 |
| 24. | ബറ്റി വിനോദ്, വെള്ളൂർ (KTM) | 85 |
| 25. | ആലീസ് കോര, പുതുപ്പള്ളി | 70 |

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ശബരിമാങ്കൽ :** ശബരിമാങ്കൽ ബ്രദ്റൺ എസ്.പി. എസ്. ഫണ്ട് സ്ഥലം സഭകൾ ചേർന്നു നടത്തിവരാറുള്ള 14-ാമതു സംയുക്ത കൺവൻഷൻ 2009 ഫെബ്രു. 3-8 വരെ തെള്ളിയൂർ ബ്രദ്റൺ സഭാ ഗ്രൗണ്ടിൽ വച്ച് നടന്നു. റെജി. കെ. തോമസ്, പി.എം. ജോർജ്ജുകുട്ടി, ചാൾസ് ജോൺ, ചാണ്ടപ്പിള്ള ഫിലിപ്പ്, പ്രൊഫ. മാത്യൂസ് ഏബ്രഹാം എന്നിവർ പ്രസംഗകരായിരുന്നു. സണ്ടേസ്കൂൾ അദ്ധ്യാപകർക്കായുള്ള ട്രെയിനിംഗ്, മിഷനറി സമ്മേളനം, സോദരീസമാജം, എസ്.പി.എസ്. ഫണ്ട് ഗോൾഡൻ ജൂബിലി എന്നിവ നടന്നു. സ്നാനശുശ്രൂഷയിൽ 29 പേർ സ്നാനപ്പെട്ടു. ഞായറാഴ്ച 39 സ്ഥലം സഭകളിൽ നിന്നുള്ള 1000ത്തോളം സഹോദരീസഹോദരന്മാർ ചേർന്നുള്ള സംയുക്താരാധന നടന്നു. കൺവൻഷനോടനുബന്ധിച്ച് തടിയൂർ, വാളക്കുഴി, വെണ്ണിക്കുളം, എഴുമറ്റൂർ എന്നീ സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തി. പ്രാർത്ഥിച്ചവർക്കും സഹകരിച്ചവർക്കും നന്ദി അറിയിക്കുന്നതോടൊപ്പം തുടർന്നും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.കൺവീനർ ഈട്ടിക്കൽ കുഞ്ഞുമോൻ.

**സാമക്കാലി** : സാമക്കാലി ബ്രദ്റൺ സഭയുടെ ആഭിമുഖ്യത്തിൽ മാർച്ച് 8-11 വരെ വിശേഷാൽ യോഗങ്ങൾ നടക്കുകയുണ്ടായി. കച്ചികൾ മാത്രം ഉള്ള "അദോയ്" ഗ്രാമത്തിലും ഏകദിന മീറ്റിംഗ് നടന്നു. ഇവിടെ എല്ലാ ഞായറാഴ്ചയും ഗുജറാത്തിയിൽ ബൈബിൾ ക്ലാസ്സ് നടക്കുന്നു. ഈ കൂടിവരവുകളിൽ വറുഗീസ് മാത്യു (കുമ്പനാട്) വചന ശുശ്രൂഷ നിർവ്വഹിച്ചു. ഇവിടെയുള്ള സഭയെയും പ്രവർത്തനങ്ങളേയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കേണമേ. സഭയ്ക്കുവേണ്ടി V.P. Mathew (Evg.), P. B. No. 4, Samakhiali - 370 150, Kutch Gujarat.

**സാംഗനേയർ** : 2009 മെയ്, ജൂൺ മാസങ്ങളിൽ ജെയ്പൂർ സീയോൻ ബ്രദ്റൺ അസംബ്ലിയുടെ സഹകരണത്തിൽ ഒരു സുവിശേഷ ടീം പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആദ്യമായി ജയ്പ്പൂർ ജില്ലയിലെ എല്ലാ ഭവനങ്ങളിലും സുവിശേഷം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനം തുടങ്ങുന്നത്. ഈ പ്രവർത്തനംമൂലം അനേകർ ക്രിസ്തുവിനെ അറിയുവാനും ക്രിസ്തുവിൽ ആയിത്തീരുവാനും പ്രാർത്ഥിക്കുക. പ്രവർത്തനങ്ങളുടെ ആവശ്യത്തിനും അനുഗ്രഹത്തിനുമായി ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ഞങ്ങൾക്കാവശ്യമാണ്. എന്ന് ടീമിനുവേണ്ടി സുവി. ജോയി കെ.എസ്., സീയോൻ പ്രെയർ ഹോം. Opp. Airport, Sanganer, Jaipur - 302011, Raj.

**പട്ടാമ്പി :** 4 വർഷത്തിലധികമായി പട്ടാമ്പിയിലും പരിസര പ്രദേശങ്ങളിലും പി.യു.തോമസ്, ബാബു വർഗ്ഗീസ്, കെ.കെ. മാത്യു, വാസു ഡി. പോൾ, കൂടാതെ മലപ്പുറം പാലക്കാട് ജില്ലകളിലേയും പല സുവിശേഷകന്മാരും സഹോദരന്മാരും ചേർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി പട്ടാമ്പിയിൽ കുടുംബമായി താമസിക്കുന്ന സി.കെ. ജോസിന്റെയും മറ്റു പല സഹോദരന്മാരുടെയും താല്പര്യപ്രകാരം 1-3-09 ൽ പട്ടാമ്പി ടൗണിൽ എബനേസർ ബ്രദ്റൺ അസംബ്ലി എന്ന പേരിൽ ഒരു ആരാധനാ കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. ഇപ്പോൾ 11 പേർ കർത്തൃമേശയിൽ പങ്കുകൊള്ളുവാൻ ഉണ്ട്. പലരും ബൈബിൾ ക്ലാസ്സിനും മീറ്റിംഗുകൾക്കുമായി സംബന്ധിക്കുന്നു. ഇവിടുത്തെ പുതിയ കൂടിവരവിന്റെ ആത്മീയ പുരോഗതിക്കായും പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായും ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യമായിരിക്കുന്നു. എന്ന് പി.യു. തോമസ്, സി.കെ. ജോസ്, വി.കെ. സൈമൺ.

**പത്താൻ കോട്ട് :** 2009 മാർച്ച് 1-15 വരെ വൈ.എം. ഇ.എഫ്. ടീമിനോടു ചേർന്ന് ഇവിടെ പ്രവർത്തനങ്ങളിൽ ആയിരിപ്പാൻ കർത്താവ് സഹായിച്ചു. 31 ഗ്രാമങ്ങളിൽ കടന്നുപോയി സുവിശേഷം അറിയിക്കുന്നതിനും വൈകിട്ടുതോറും വിവിധ ഭവനങ്ങളിൽ കൂടിവന്ന് വചനം ശുശ്രൂഷിക്കുന്നതിനും സാവകാശം ലഭിച്ചു. ധാരാളം പുതിയനിയമ പ്രതികളും പഞ്ചാബി ഭാഷയിലുള്ള എമ്മവൂസ് കോഴ്സ് പുസ്തകങ്ങളും കൊടുക്കുന്നതിന് ഇടയായി. 3 പേർ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. സഭയ്ക്കുവേണ്ടി കെ.കെ. ഉമ്മൻ, കെ.വി. സഖറിയ.

**കെ.ഇ.എം.ഫണ്ട് കമ്മറ്റി മീറ്റിംഗ്** : ഫണ്ടിന്റെ 2008 - 09 സാമ്പത്തീക വർഷത്തിലെ ഒടുവിലത്തെ കമ്മറ്റി മീറ്റിംഗ് മാർച്ച് 16 ന് വി.കെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ 10.30 ന് കൂടി. സഹോദരന്മാരായ എ.ഒ. തോമസ് കൊട്ടാരക്കര, മത്തായി വർഗ്ഗീസ് തിരുവനന്തപുരം, എന്നിവരുടെ പ്രാരംഭ പ്രാർത്ഥനയെ തുടർന്ന് കഴിഞ്ഞ 20 ൽ പരം വർഷം ഫണ്ടിന്റെ ജോ. സെക്രട്ടറിയായി നിസ്തുല സേവനം നിർവ്വഹിച്ച് മഹത്വത്തിൽ ചേർക്കപ്പെട്ട സഹോ. പി.റ്റി. സ്കറിയയെക്കുറിച്ചുള്ള അനുസ്മരണം അദ്ധ്യക്ഷനും സെക്രട്ടറിയും നടത്തി. സി.എ. ജോർജ്ജ് കുമ്പനാട് വചനധ്യാനം നിർവ്വഹിച്ചു. സാധാരണ കാര്യപരിപാടികൾക്കുശേഷം ഒരു സെക്രട്ടറിയുടെ തിരഞ്ഞെടുപ്പ് പരിഗണനയിൽ വന്നു കഴിഞ്ഞ 20 ൽ പരം വർഷങ്ങളായി സെക്രട്ടറിയായി തുടരുന്ന തന്നെ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് കെ. പോൾ തോമസ് ആവശ്യപ്പെട്ടു. ഇക്കാര്യം താൻ മുൻപും ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ ഫണ്ടിന്റെ വിജയകരവും സുഗമവുമായ പ്രവർത്തനത്തിന് പോൾ തോമസ് തന്നെ സെക്രട്ടറിയായി തുടരണമെന്ന കമ്മറ്റിയുടെ നിർബന്ധപൂർവ്വമായ അഭ്യർത്ഥന മാനിച്ച് താൻ അത് സമ്മതിക്കുകയുണ്ടായി. കെ.വി. കോശി (മൈലപ്ര)യുടെ സമാപന

പ്രാർത്ഥനയോടുകൂടി 1.30 ന് യോഗം പര്യവസാനിച്ചു. കെ.ഇ.എം. ഫണ്ടിന്റെ പ്രവർത്തനം കഴിഞ്ഞ 65 വർഷം തുടരുവാൻ കർത്താവ് സഹായിച്ചു. 2008 -09 ലെ വരവ് കഴിഞ്ഞ വർഷത്തേതിൽ മെച്ചമാണ്. തുടർന്നും കെ. പോൾ തോമസ് സെക്രട്ടറിയായും തോമസ് ചാണ്ടി കോട്ടയം ജോയിന്റ് സെക്രട്ടറിയായും കെ.ഇ.എം. ഫണ്ടിന്റെ ശുശ്രൂഷ തുടരുന്നതാണ്. സഭകളും സഹോദരീ സഹോദരന്മാരും തുടർന്നും കെ.ഇ.എം. ഫണ്ടിന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.ഇ.എം. ഫണ്ട് കമ്മറ്റിക്കുവേണ്ടി വി.കെ. മാത്യു, മണ്ണാരത്തറ.

**വയനാട് :** നീർവാരം എന്ന സ്ഥലത്ത് ഏകദേശം 700 ഭവനങ്ങളിൽ ദൈവവചനം പറയുവാനിടയായി. 3 പഞ്ചായത്തുകളിലായി 10000 കണക്കിന് ലഘുലേഖകളും ചെറുപുസ്തകങ്ങളും പുതിയനിയമവും വിതരണം ചെയ്തു. ഭവന സന്ദർശനം ആളാംപ്രതി വേലമൂലം 60ലധികം സ്ത്രീ പുരുഷന്മാർ കർത്താവിനെ സ്വീകരിച്ച് ഏറ്റു പറഞ്ഞിട്ടുണ്ട്. ഈ പ്രാവശ്യത്തെ വി.ബി.എസ്. ഏപ്രിൽ അവസാനം നടക്കുന്നതാണ്. 'അമ്മാനി' എന്ന സ്ഥലത്ത് ഗ്രാമസുവിശേഷീകരണം 1 1/2 വർഷമായി തുടരുന്നു. 2009 ഫെബ്രു. 21 ന് വൈ.എം.ഇ.എഫ്. ക്യാമ്പു നടന്നു. 11 സുവിശേഷകന്മാർ പങ്കെടുത്തു. ഇവിടെ 10 സ്ത്രീ പുരുഷന്മാർ കർത്താവിനെ ഏറ്റു പറഞ്ഞിട്ടുണ്ട്. ഏപ്രിൽ അവസാനം ഇവിടെ വി.ബി.എസ്. നടത്താനാഗ്രഹിക്കുന്നു. കർത്താവിനെ ഏറ്റു പറഞ്ഞവർ വേർപെട്ടുവന്ന് സഭാകൂടിവരവ് ആരംഭിക്കുവാൻ ദൈവമക്കൾ പ്രാർത്ഥിച്ചാലും. നടവയലിൽ 1990 ൽ ആണു സഭ ആരംഭിച്ചത്. 2009 മാർച്ച് 27-29 വരെ കൺവൻഷൻ നടന്നു. ജോസ് മാങ്കുടി വചനം ശുശ്രൂഷിച്ചു. എന്ന് സുവി. യു. എം. പൗലൊസ്, ബേബി മണിയാട്ടേൽ.

**ലംതാപൂട്ട്** : ജൂൺ 15 - ഡിസം. 19 വരെ 6 മാസത്തെ ബൈബിൾ ക്ലാസ്സ് തദ്ദേശീയരും രക്ഷിക്കപ്പെട്ടവരുമായ യുവാക്കൾക്കുവേണ്ടി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യേണമേ. സഭയ്ക്കുവേണ്ടി ലക്ഷ്മീകാന്ത് മണ്ഡൽ, കെ.സി. തോമസ്

**മദ്ധ്യകേരള സുവിശേഷകന്മാരുടെ പ്രതിമാസ പ്രാർത്ഥനാ യോഗം**

നമ്മുടെ മദ്ധ്യത്തിൽ പ്രതിമാസം 1-ാം ചൊവ്വാഴ്ച തോറും നടന്നുവരുന്ന സുവിശേഷകന്മാരുടെ പ്രാർത്ഥനായോഗം ആരംഭിച്ചത് 1948 ൽ നിത്യതയിൽ വിശ്രമിക്കുന്ന വി.റ്റി. മത്തായിച്ചൻ ആയിരുന്നു. 24 വർഷം താൻ സെക്രട്ടറി ആയിരുന്നതിനു ശേഷം പി.എം. ജോർജ്ജ് ആ സ്ഥാനം 2 വർഷം നിർവ്വഹിച്ചു. തുടർന്ന് വി.എം. മാത്യു കുമ്പനാട് 25 വർഷം സ്തുത്യർഹമായി ശുശ്രൂഷ നിർവ്വഹിച്ചു. തന്റെ ഒടുവിലത്തെ നാളുകളിൽ ശരീരത്തിന്റെ ബലഹീനത മൂലം ചില മാസം പി.എസ്സ്. ചെറിയാൻ (കല്ലിശ്ശേരി) ആ സ്ഥാനത്തു വന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിനു മുമ്പുതന്നെ സുവി. വി.എം. മാത്യു തത്സ്ഥാനത്തേയ്ക്ക് സുവി. കെ.വി. ജോണിനെ (പത്തനാപുരം) നാമനിർദ്ദേശം ചെയ്യുകയും അദ്ദേഹം ആ ശുശ്രൂഷ 2000 മാർച്ചു മുതൽ സ്തുത്യർഹമായി നിറവേറ്റിക്കൊണ്ടിരുന്നു. 10 വർഷം കഴിഞ്ഞപ്പോൾ തന്റെ ശാരീരിക ക്ലേശം മുഖാന്തരം 2009 മാർച്ചു മാസത്തിൽ കൊട്ടാരക്കര ബ്രദറൺ ഗോസ്പൽ ഹാളിൽ നടന്ന യോഗത്തിൽ താൻ ആ സ്ഥാനം ഒഴിയുകയും തൽസ്ഥാനം സുവി. സാം സഖറിയായെ ഏല്പിക്കുകയും ചെയ്തു. ആ ശുശ്രൂഷ യഥായോഗ്യം നിർവ്വഹിക്കാൻ ആവശ്യമായ ദൈവകൃപ ലഭിക്കുവാൻ അദ്ദേഹത്തെ നമുക്ക് പ്രാർത്ഥനയിൽ വഹിക്കാം. കെ.വി. ജോൺ.

**ശബരിമാങ്കൽ :** എസ്.പി.എസ്. ഫണ്ട് പ്രവർത്തനങ്ങൾക്ക് 50 വർഷം തികയുന്നതിന്റെ ഓർമ്മകൾ പുതുക്കുന്നതിനും സ്തോത്രം ചെയ്യുന്നതിനുമായുള്ള സ്തോത്ര സമ്മേളനം 2009 ഫെബ്രു. 7ന് തെള്ളിയൂർ കൺവൻഷൻ പന്തലിൽ നടന്നു. ശ്രീ. വി.കെ. മാത്യു അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ ഏബ്രഹാം തോമസ് കൊച്ചി പ്രൊഫ. ജേക്കബ് തോമസ്, പ്രൊഫ. മാത്യൂസ് ഏബ്രഹാം, ബ്ര. പോൾ തോമസ്, വർക്കി ജോർജ്ജ്, കെ. വി. ജോർജ്ജ്, പി.എം. ജോർജ്ജുകുട്ടി, സി.സി. മാത്യു, റ്റി.പി. തങ്കച്ചൻ, സി.എം. തോമസ്, എം.എസ്. ചാക്കോ, സി.പി. അനിയൻ, ഈട്ടിയ്ക്കൽ കുഞ്ഞുമോൻ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സുവി. ഒ.എം. തോമസിന്റെ ജീവിത കഥയായി എഴുതപ്പെട്ട ഓർമ്മയുടെ ചുരുളഴിയുമ്പോൾ എന്ന പുസ്തകം സമ്മേളനത്തിൽ പ്രകാശനം ചെയ്തു. എസ്.പി.എസ്.എഫ്. കമ്മറ്റിക്കുവേണ്ടി സി.പി. അനിയൻ സെക്രട്ടറി, ഈട്ടിക്കൽ കുഞ്ഞുമോൻ അസി. സെക്രട്ടറി.

## മഹത്വത്തിൽ

**തണ്ണിത്തോട്** : പേഴുംകാട്ടിൽ പരേതനായ പി.റ്റി. ജോർജ്ജിന്റെ ഭാര്യ തങ്കമ്മ ജോർജ്ജ് (77) 26-4-09 ന് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ 1-5-09 ന് ഭവനത്തിൽ ആരംഭിച്ച് അനുസ്മരണ



ആശ്വാസ സന്ദേശങ്ങൾക്കുശേഷം അനേക വിശ്വാസികളുടെയും ബന്ധു മിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ബ്രദറൺ സഭ സെമിത്തേരിയിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ സംസ്കരിച്ചു. തങ്കമ്മ കടമ്മനിട്ട ഉഴത്തിൽ കുടുംബാംഗമാണ്. മക്കൾ പി.ജി. തോമസ്, സൂസമ്മ, മേരിക്കുട്ടി, ഗ്രേസിക്കുട്ടി, ജോസ്, സുവി. പി.ജി. ജെയിംസ് എന്നിവരാണ്. ദുഃഖത്തിലിരിക്കുന്ന മക്കളുടെയും കുടുംബാംഗങ്ങളുടെയും ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. C.A.G.

## കൺവൻഷൻ / ക്യാമ്പ്

**ഝാൻസി :** ഝാൻസി, ലളിത്പൂർ ജില്ലകളിലെ ഗ്രാമ സുവിശേഷീകരണ പ്രവർത്തനവും യു.പി. വർക്കേഴ്സിന്റെ ഔട്ടറീച്ചും അനുഗ്രഹകരമായി സമാപിച്ചു. ഝാൻസി, ഗർമാവ് സഭകളിലെ വിശ്വാസികൾക്കായി നടത്തിയ 3 ദിവസത്തെ മീറ്റിംഗും വളരെ ഫലപ്രദമായിരു

ന്നു. വിതയ്ക്കപ്പെട്ട വചനം നല്ലഫലം തരുവാൻ പ്രത്യേകം പ്രാർത്ഥിച്ചാലും Emmaus Bible correspondence course ൽക്കൂടി 170 ൽ അധികം പേർ ദൈവവചനം പഠിക്കുന്നു. അനുധാവന പ്രവർത്തനത്തിന്റെ ഭാഗമായി നവ. 12-15 വരെ സീക്കേഴ്സ് ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 100 പേരെയാണ് ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്. 15 ന് സ്നാന ശുശ്രൂഷയും ഉണ്ടായിരിക്കും. ബെന്നി ചരലിൽ, സാമുവേൽ ബി. തോമസ്, ജോസഫ് ജോൺ മുതലായവർ വചന ശുശ്രൂഷയ്ക്കായി ഉണ്ടായിരിക്കും. ഈ വർഷം ജൂലൈ മുതൽ 5 മാസങ്ങളിൽ Jhansi, Jalaun, Banda, Mahoba, Lalitpure ജില്ലകളിൽ ടീം വർക്ക് നടത്തുവാൻ ആഗ്രഹിക്കുന്നു. സുവിശേഷം എത്തിയിട്ടില്ലാത്ത ഗ്രാമങ്ങൾ ഇപ്പോഴും ഈ ജില്ലകളിൽ ഉണ്ട്. ക്യാമ്പിനായും ഔട്ട്റീച്ച് പ്രവർത്തനത്തിനായും ദൈവമക്കൾ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്താലും. സാമ്പത്തീക കൂട്ടായ്മ അയയ്ക്കുന്നവർ ബിലീവേഴ്സ് അസംബ്ലി A/c. No. 16118, I.O.B. എന്ന പേരിൽ സഭയുടെ വിലാസത്തിൽ അയച്ചാലും വിലാസം Belivers Assembly, C/o Philipose P.P., Gospel Home, 196, C.P. Mission Compound, P.O., Sipri Bazar, Jhansi - 284003, U. P. എന്ന് പി.എ. സാമുവേൽ, പി.വി. ജോസഫ്, പി.പി. ഫിലിപ്പോസ്.

**കൊട്ടാരക്കര :** വൈ.എം.ഇ.എഫ്. കൊട്ടാരക്കര സെന്ററിന്റെ ചുമതലയിൽ 2009 മെയ് 4-9 വരെ ബ്രദ്റൺ ഗോസ്പൽ ഹാളിൽ വച്ച് ബൈബിൾ ക്ലാസ് നടത്തുവാൻ ആഗ്രഹിക്കുന്നു. വിഷയം: വേർപാട് വിശ്വാസപ്രമാണങ്ങൾ തിരുവചന വെളിച്ചത്തിൽ, സമകാലീക സംഭവങ്ങളുടെ വെളിച്ചത്തിൽ കർത്താവിന്റെ രണ്ടാം വരവ്. എം. എം. സഖറിയ, പി.ജി. ജെയിംസ് എന്നിവർ ക്ലാസ്സുകൾ എടുക്കുന്നതാണ്. സഹോദരീ സഹോദരന്മാർ പ്രാർത്ഥനാപൂർവ്വം കടന്നുവരണമെന്ന് താല്പര്യപ്പെടുന്നു. പ്രസിഡന്റ് വി.കെ. മാത്യു, 9447232782

## സുവിശേഷ വയലിലേക്ക്

**വെണ്ണിക്കുളം :** ഇമ്മാനുവേൽ ബ്രദറൺ അസംബ്ലി സഭാംഗമായിരിക്കുന്ന രാജുദാസ് കഴിഞ്ഞ 20 വർഷമായി അഹമ്മദാബാദിൽ ODHAV ൽ ജോലിയോടുള്ള ബന്ധത്തിലായിരുന്നു. കർത്തൃവേലയ്ക്ക് വേണ്ടിയുള്ള വിളി അനുസരിച്ച് ഭൗമീകമായ ജോലി രാജി വയ്ക്കുകയും കഴിഞ്ഞ 7 വർഷമായി അഹമ്മദാബാദിൽ ODHAV ൽ പൂർണ്ണസമയ സുവിശേഷകനായി പ്രവർത്തിച്ചുവരുന്നു. 15 ഓളം പേർ കൂടിവരുന്ന സഭാ കൂടിവരവും 3 സ്ഥലങ്ങളിൽ സണ്ടേസ്കൂൾ പ്രവർത്തനങ്ങളും house visiting ഉം നടന്നുവരുന്നു. സഹോദരന്റെ കർത്തൃവേലയ്ക്കു വേണ്ടിയുള്ള വിളി സഭയ്ക്ക് ബോധ്യമായതിനാൽ പ്രാർത്ഥനയ്ക്കും സഹകരണത്തിനും അറിയിച്ചുകൊള്ളുന്നു. സഹോദരന് ഭാര്യയും 3 മക്കളും ഉണ്ട് ഈ കുടുംബത്തെയും പ്രാർത്ഥനയിൽ ഓർത്താലും. അഡ്രസ്- Evg. Raju Das, 24 Mahavir Smruti, Cop. Society, Near Canal, Arbuda Nagar, Odhav, Ahammadabad, Gujarat - 382415, Mob: 09328262399. എന്ന് സഭയ്ക്കു വേണ്ടി പി.എസ്. തോമസുകുട്ടി, രാജു കെ. തോമസ്, സി.എം. ചാക്കോ.

**ഇരട്ടയാർ :** സജി വർഗ്ഗീസ് യാക്കോബായാ പശ്ചാത്തലത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് 15 വർഷമായി സഭാകൂട്ടായ്മയിലാണ്. വിദ്യാഭ്യാസത്തിനു ശേഷം ജോലിയോടുള്ള ബന്ധത്തിൽ നോർത്ത് ഇന്ത്യയിൽ ആയിരുന്നപ്പോൾ പൂർണ്ണ സമയ സുവിശേഷ വേലയ്ക്കുവേണ്ടിയുള്ള കർത്താവിന്റെ വിളി അനുസരിച്ച് തന്റെ ജോലി രാജി വയ്ക്കുകയും ഇരട്ടയാർ സഭ അയച്ചതനുസരിച്ച് കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ പഠനം പൂർത്തിയാക്കുകയും ചെയ്തു. ഇപ്പോൾ ഇരട്ടയാർ സഭയുടെ സുവിശേഷകനായി ഇരട്ടയാറ്റിലും പരിസരപ്രദേശങ്ങളിലും പ്രവർത്തിക്കുന്നു. സുവിശേഷ വേലയ്ക്കായുള്ള വിളിയും സമർപ്പണവും തന്റെ ശുശ്രൂഷകളിൽ സഭയ്ക്ക് ബോധ്യപ്പെട്ടതിനാൽ തന്നെ പൂർണ്ണസമയ സുവിശേഷകനായി സഭ അംഗീകരിച്ച വിവരം ദൈവജനത്തെ അറിയിക്കുന്നു. തനിക്ക് ഭാര്യയും 2 കുട്ടികളും ഉണ്ട്. തന്നെ കുടുംബമായി പ്രാർത്ഥനയിൽ ഓർക്കണമേ! വിലാസം - Evg. Saji Varghese, Cheriparampil (H), Idinjamala P.O, 685510, Idukki (Dist), Mob: 9747036215 സഭയ്ക്കുവേണ്ടി തോമസ് ഏലിയാസ്, ജോൺസൺ മാടപ്പള്ളിൽ, കെ.വി. തോമസ്

## വിവിധ വിഷയങ്ങൾ

**വയനാട് :** 20-3-09 ൽ ബത്തേരി ബ്രദ്റൺ സഭാ ഹാളിൽ വച്ച് നടന്ന വൈ.എം.ഇ.എഫ്. ജനറൽബോഡി കമ്മറ്റിയിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി എ.എൻ. വത്സലത്തേയും സെക്രട്ടറിയായി പി.വൈ. കുഞ്ഞുമോനെയും ട്രഷറാറായി വി.ജെ. പോളിനെയും തിരഞ്ഞെടുത്തു. വയനാട് ബ്രദ്റൺ സഭകളിൽ നിന്നും 2 പേരെ വീതം കമ്മറ്റിയംഗങ്ങളായും തിരഞ്ഞെടുത്തു. എന്ന് സുവി. പി.വൈ. കുഞ്ഞുമോൻ, പാലയ്ക്കാപ്പള്ളി, കുമ്പളേരി പി.ഒ., മീനങ്ങാടി, വയനാട് 673591, ഫോൺ : 9847565032

## അഭ്യർത്ഥന

**ചാത്തന്നൂർ :** ജിദ്ദ ബ്രദ്റൺ അസംബ്ലി മുഖാന്തിരം രക്ഷിക്കപ്പെട്ട് സഭാ കൂട്ടായ്മയിലേക്കു വന്ന കെ. കുഞ്ഞപ്പി 1990 ൽ കർത്തൃശുശ്രൂഷയ്ക്കായി വേർപ്പെട്ട് പൂയപ്പള്ളി ബ്രദ്റൺ സഭയുടെ സഹകരണത്തോടെ 8 കി. മീ. അകലെയുള്ള ചാത്തന്നൂരിൽ പ്രവർത്തിച്ചു വരുന്നു. വിവിധ പശ്ചാത്തലങ്ങളിൽ നിന്നു 9 കുടുംബങ്ങളോളം രക്ഷിക്കപ്പെട്ട് സഭാകൂട്ടായ്മയിലേക്ക് വന്നിട്ടുണ്ട്. ചാത്തന്നൂർ ടൗണിൽ 2000ൽ ആരംഭിച്ച ഈ സഭാകൂടിവരവ് കഴിഞ്ഞ 8 വർഷമായി സഹോ. കുഞ്ഞപ്പിയുടെ ഭവനത്തിൽ തുടർന്നു വരുന്നു. ഇപ്പോൾ സ്ഥലപരിമിതി നിമിത്തം കൂടിവരവുകൾക്ക് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ദൈവമക്കളുടെ പ്രാർത്ഥനാഫലമായി ചാത്തന്നൂർ ടൗണിൽ തന്നെ സൗകര്യപ്രദമായി 10 സെന്റ് സ്ഥലം എസ്.എ.ഐ.യുടെ പേരിൽ വാങ്ങുവാൻ ദൈവം കൃപ ചെയ്തു. പ്രസ്തുത വസ്തുവിൽ ചുറ്റുമതിലും മറ്റ്

അത്യാവശ്യസൗകര്യങ്ങളോടു കൂടിയ 40' X 20' ന്റെ ഒരു സഭാഹാളും നിർമ്മിക്കുവാൻ 12 ലക്ഷം രൂപയോളം ആവശ്യമായിരിക്കുന്നു. ഞങ്ങളുടെ പ്രാപ്തിക്കുമീതെയുള്ള ഈ ആവശ്യത്തിൽ ദൈവജനത്തിന്റെ അകമഴിഞ്ഞ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു. സഭയ്ക്കുവേണ്ടി, കെ. കുഞ്ഞപ്പി, ജോബി ബേബി. സാമ്പത്തീക കൂട്ടായ്മ അയയ്ക്കേണ്ട വിലാസവും ജോയിന്റ് അക്കൗണ്ട് നമ്പരും: K.Kunjappy, Hebron, Mampallikunnam, Chathannoor P.O., Kollam - 691572, Joint Account No: 67079158968 in favour of K. Kunjappy, Shaji S. & Krishnankutty D. with State Bank of Travancore, Chathannoor Branch (Code no : 700067). (Please note IFSC Code No. SBTR0000067 for on-line remittance). NB മേൽപറഞ്ഞ കാര്യങ്ങൾ സത്യവും ഞങ്ങൾക്ക് നേരിട്ട് അറിയാവുന്നതുമാകുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യമാണെന്നു ഞങ്ങൾ ശുപാർശ ചെയ്യുന്നു. എ.ഒ. തോമസ് കൊട്ടാരക്കര, വി.പി. ജേക്കബ്, തിരുവനന്തപുരം.

**ദീമാപൂർ :** ഇപ്പോൾ 6 പേർ കർത്തൃമേശയിൽ സംബന്ധിക്കുന്ന ഒരു കൂടിവരവുണ്ട്. ഒ. ജോർജ്ജുകുട്ടി ടൗണിൽ കുടുംബമായി താമസിച്ച് പ്രവർത്തിക്കുന്നു. തന്റെ ഭവനത്തിലാണ് കൂടിവരവുകൾ നടക്കുന്നത്. സഭാഹാളിനുവേണ്ടി അല്പം സ്ഥലം ലഭിക്കണമെന്ന പ്രേരണയിൽ ഞങ്ങൾ സഭയായി പ്രാർത്ഥിക്കവേ അക്രൈസ്തവരുടെ മദ്ധ്യേയുള്ള പ്രവർത്തനങ്ങളെ കണ്ടു സന്തോഷിക്കുന്ന ഒരു നാഗസഹോദരൻ അല്പം സ്ഥലം ദിമാപൂർ ടൗണിൽ തന്നെ ദാനമായി തരികയുണ്ടായി എന്നതു സ്തോത്രത്തിനായി എഴുതുന്നു. ദൈവജനം ഇവിടെയുള്ള കൂടിവരവിന്റെ നിലനില്പിനും വളർച്ചയ്ക്കുമായി പ്രാർത്ഥിക്കുന്നതിനൊപ്പം ഹാളിന്റെ സാമ്പത്തീകാവശ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. ഈ ആവശ്യത്തിനായി ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. കൂട്ടായ്മകൾ അയയ്ക്കുന്നതിന്, S. Biju, A/c No. 30667536461, State Bank of India, Dimapur Bazar Branch, എന്നെഴുതി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കണമേയെന്നപേക്ഷിക്കുന്നു. S. Biju, PB No. 387 Dimapur Town P.O., Nagaland- 797112 സഭയ്ക്കുവേണ്ടി എസ്. ബിജു, പോൾ കെ. മാത്യു, ഒ. ജോർജ്ജുകുട്ടി.

**കടമ്പനാട് :** ഏകദേശം 90 വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ചതാണ് കടമ്പനാട് ബ്രദറൺ അസംബ്ലി. സുവി. ഡി. ജോർജ്ജ് ഇവിടെ പ്രവർത്തിക്കുന്നു. 17 സെന്റ് സ്ഥലമാണ് നമുക്കുള്ളത്. കിണർ ഇല്ല. എത്രയും പെട്ടെന്ന് ഒരു ചുറ്റുമതിൽ കെട്ടേണ്ടിയിരിക്കുന്നു. ചീങ്കല്ലുകൊണ്ട് കെട്ടി പണിതതാണ് സഭാഹാൾ. ഒറ്റ ജനലിനും ഷട്ടർ ഇല്ല. കട്ടിളയും കതകും ദ്രവിച്ചതാണ്. 10 സെന്റ് സ്ഥലം സെമിത്തേരിക്കുവേണ്ടി റോഡുസൈഡിലുണ്ട്. അവിടെയും ഗുരുതരമായ വലിയ പ്രശ്നങ്ങളായിരുന്നു. മുൻവശത്തു മതിൽ കെട്ടി സഭാഹാളിന്റെ അറ്റകുറ്റ പണിക്കും 17 സെന്റ് സ്ഥലം ചുറ്റുമതിൽ കെട്ടുന്നതിനും സെമിത്തേരിയുടെ 3 വശവും ഗേജ് കൂടിയ മുള്ളുവേലി കെട്ടുന്നതിനും ഒരു കിണർ കുഴിക്കുന്നതിനും കൂടി ഏകദേശം 2 ലക്ഷം രൂപയുടെ ആവശ്യം ഉണ്ട്. ഇവിടെയുള്ള വിശ്വാസികൾ നിർദ്ധനരാണ്. 10 ഭവനങ്ങളിൽ നിന്നായി 35 പേർ കൂടി വരാനുണ്ട്. ഈ ആവശ്യത്തിലേക്ക് ജെ. ജെയിംസ്, ഡി. ജോർജ്ജ് എന്നിവരുടെ പേരിൽ എസ്.ബി.റ്റി. കടമ്പനാട് ബ്രാഞ്ചിൽ 57055693135 നമ്പരായി ഒരു ജോയിന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്. ഞങ്ങളുടെ ഈ ആവശ്യം ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തീക സഹായം ചെയ്യുകയും വേണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു. സഹായം അയയ്ക്കുന്നവർ ബ്രദറൺ അസംബ്ലി കടമ്പനാട് നോർത്ത് എന്നെഴുതി സഭയുടെ അക്കൗണ്ടിൽ മാറത്തക്കവണ്ണം (A/c No. 57055693135 - S.B.T. Kadampanad Branch) ജെ. ജെയിംസ്, ചരുവിള പുത്തൻവീട്, മുണ്ടപ്പള്ളി, മണക്കാല പി.ഒ., (വഴി) അടൂർ, 691 551 എന്ന വിലാസത്തിൽ അയയ്ക്കേണമെ എന്ന് സി. കെ. ബെന്നി, എ.പി. ഡാനിയൽ, ജെ. ജെയിംസ്, ഡി. ജോർജ്ജ്. പ്രസ്തുത അഭ്യർത്ഥനയിൽ പറഞ്ഞിരിക്കുന്ന സംഗതികൾ എല്ലാം വസ്തുനിഷ്ഠവും ഞങ്ങളുടെ അറിവിലും പ്രാർത്ഥനയിലും ഉള്ളതുമാണ്. സഭാഹാളും സ്ഥലവും സെമിത്തേരിയും പരിരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. പി.പി. മാത്യു (സെക്രട്ടറി എസ്.എ.ഐ., കേരള ഡിവിഷൻ, പരുത്തിപ്പാറ, അടൂർ), വി. കുര്യാക്കോസ് (ജോ. സെക്രട്ടറി എസ്.എ.ഐ., കേരള ഡിവിഷൻ, കീഴില്ലം, പ്രൊഫ. മാത്യൂസ് ഏബ്രഹാം, കൊട്ടാരക്കര.


RN.No. 36067/ 81

Postal Reg. No. KL/TLA/44/2009-11 dt.14-11-08

ആത്മപ്രകാശിനി

**If undelivered Please return to:**
**Athma Prakashini**
**P.B.No.10**
**Kumbanad**
**Thiruvalla 689 547**

**Printed and Published by**
**C.A.George**
**at Excel Offset Printers, Omallor**


**വരിക്കാരുടെ ശ്രദ്ധയ്ക്ക്**

വാർഷിക വരിസംഖ്യ കുടിശ്ശികയുള്ളവർ എത്രയും വേഗം ദയവായി അയച്ചുതന്ന് സഹകരിച്ചാലും. പ്രാർത്ഥനയിലും ഓർക്കുക.